# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി5/549/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 14/06/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി5/549/2022 തീയ്യതി: 14/06/2022

## പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2022 മുതൽ 30-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 12-05-2022 | 24-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-05-2022 | 24-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺ പി.ബി.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഹരികുമാർ എസ്., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗീതാ വിജയൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| അഡ്വ. ജോൺസൺ വിളവിനാൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. രാജേഷ്കുമാർ പി. | സെക്രട്ടറി | 01-04-2020 | 24-06-2020 |
| ശ്രീമതി ശാന്തകുമാരി ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-06-2020 | 29-06-2020 |
| ശ്രീ.രാജീവ് പി. | സെക്രട്ടറി | 30-06-2020 | 02-03-2021 |
| ശ്രീമതി ശാന്തകുമാരി ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഉഷ സി.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജാനറ്റ് ഡാനിയൽ | കൃഷി ഓഫീസർ | 01-04-2020 | 19-10-2020 |
| ശ്രീമതി ചന്ദ്രലേഖ സി.എസ്. | കൃഷി ഓഫീസർ | 19-10-2020 | 31-03-2021 |
| ശ്രീമതി ദിവ്യ ആർ. ജയൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2020 | 31-01-2021 |
| ശ്രീമതി രേണു സ്വാമിദാസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)ഇൻ ചാർജ്ജ് | 01-02-2021 | 31-03-2021 |
| ശ്രീ. ആനന്ദ് വി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 25-02-2021 |
| ശ്രീമതി വിദ്യ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 27-02-2021 | 31-03-2021 |
| ഡോ.ജോർജ്ജ് വർഗ്ഗീസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 14-09-2020 |
| ഡോ.സൂസൻ ജോസഫ് | സീനിയർ വെറ്ററിനറി സർജൻ | 17-09-2020 | 31-03-2021 |
| ശ്രീ. അനീഷ് ആർ | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീമതി ആതിര അർജ്ജുൻ | ലേഡി വി.ഇ.ഒ. | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി സുനിതാബീഗം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 15-12-2020 |
| ശ്രീമതി അനുമോൾ ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-12-2020 | 31-03-2021 |
| ശ്രീ.സുരേന്ദ്രൻ നായർ | ഹെഡ് മാസ്റ്റർ | 01-04-2020 | 04-06-2020 |
| ശ്രീമതി ത്രിജയകുമാരി | ഹെഡ് മിസ്ട്രസ് | 05-06-2020 | 31-03-2021 |
| ശ്രീമതി ലക്ഷ്മിമോഹൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശാന്തകുമാരി ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suryaprabha P.C (Asst. Audit Officer, On 23-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന<br>Written By: Suryaprabha P.C (Asst. Audit Officer, On 23-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-2 |
| 3 | സാമ്പത്തിക നില (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Suryaprabha P.C (Asst. Audit Officer, On 24-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Suryaprabha P.C (Asst. Audit Officer, On 24-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രിക-അപാകതകൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 24-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Suryaprabha P.C (Asst. Audit Officer, On 27-05-2022)<br>Last Updated By: Johncy John (Computer Assistant, On 14-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Suryaprabha P.C (Asst. Audit Officer, On 27-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 27-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-7 |
| 9 | മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്തിട്ടില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 30-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-7-1 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Harikumar.S (Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Suryaprabha P.C (Asst. Audit Officer, On 27-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Suryaprabha P.C (Asst. Audit Officer, On 27-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-10 |
| 13 | നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Arun P B (Senior Grade Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-11 |
| 14 | മാർക്കറ്റ് പിരിവ്-അപാകതകൾ<br>Written By: Harikumar.S (Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 16-06-2022) | 1-12 |
| 15 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.<br>Written By: Harikumar.S (Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-13 |
| 16 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.<br>Written By: Harikumar.S (Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 16-06-2022) | 1-14 |

| | | |
|---|---|---|
| 17 | അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കാതെ കെട്ടിട നമ്പർ അനുവദിച്ചു<br>Written By: Harikumar.S (Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-15 |
| 18 | സർക്കാർ അനുമതിയില്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ ക്ലർക്കിനെ നിയമിച്ചു<br>Written By: Harikumar.S (Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-16 |
| 19 | ചെറിയ വാഹനത്തിൽ കുടിവെള്ള വിതരണം നടത്തിയത് കരാറിന് വിരുദ്ധം<br>Written By: Harikumar.S (Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-17 |
| 20 | കൃഷിഭവൻ കെട്ടിടത്തിലെ വെള്ളക്കരമായി ഒടുക്കിയത് ഭീമമായ തുക<br>Written By: Harikumar.S (Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-18 |
| 21 | എസ്റ്റിമേറ്റ് പരിധി പാലിക്കാതെ ഗുണഭോക്തൃ സമിതി മുഖേന തടയണനിർമ്മിച്ചു<br>Written By: Harikumar.S (Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 14-06-2022) | 1-19 |
| 22 | സർക്കാർ വില നിശ്ചയിച്ച് നൽകിയിട്ടില്ലാത്ത ഉപകരണങ്ങൾ ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങി<br>Written By: Arun P B (Senior Grade Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-20 |
| 23 | നാപ്കിൻ ഡിസ്പോസർ വാങ്ങൽ നടപടിയിലെ അപാകതകൾ<br>Written By: Arun P B (Senior Grade Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-21 |
| 24 | പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി വാങ്ങിയ ടാബ് ഉപയോഗിക്കുന്നില്ല<br>Written By: Arun P B (Senior Grade Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-22 |
| 25 | മരുന്നും ഉപകരണങ്ങളും ലഭ്യമാകുവാൻ അവശേഷിക്കുന്നു<br>Written By: Arun P B (Senior Grade Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-23 |
| 26 | അഗതിരഹിത കേരളം-പ്ലാൻ ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Arun P B (Senior Grade Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-24 |
| 27 | നടീൽ വസ്തുക്കൾ വാങ്ങൽ - ബിൽ പ്രകാരമുള്ള തുക സ്ഥാപനങ്ങൾക്ക് പൂർണ്ണമായി നൽകിയില്ല<br>Written By: Arun P B (Senior Grade Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-25 |
| 28 | ലൈഫ് ഭവനപദ്ധതി-സ്റ്റേജ് സർട്ടിഫിക്കേറ്റ് ലഭ്യമല്ല<br>Written By: Arun P B (Senior Grade Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-26 |
| 29 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം<br>Written By: Harikumar.S (Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-27 |
| 30 | ജലജീവൻ മിഷൻ പദ്ധതിയിലൂടെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണം<br>Written By: Suryaprabha P.C (Asst. Audit Officer, On 28-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-28 |
| 31 | കുടിവെള്ള പദ്ധതി- പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 28-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-29 |
| 32 | കുടിവെള്ള വിതരണത്തിന് പ്രത്യേക ഉദ്ദേശ ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു<br>Written By: Suryaprabha P.C (Asst. Audit Officer, On 28-05-2022) | 1-30 |

| | | |
|---|---|---|
| | Last Updated By: Johncy John (Computer Assistant, On 06-06-2022) | |
| 33 | പ്രളയ ഫണ്ട്(എസ്.സി.പി)- 11.4 ലക്ഷം രൂപ പാഴാക്കി<br>Written By: Suryaprabha P.C (Asst. Audit Officer, On 28-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-31 |
| 34 | അശാസ്ത്രീയമായ നിർമ്മാണം- ഇടനാട്ടുപടി ഭാഗത്തെ ഓട വെള്ളക്കെട്ടിന് കാരണമാകുന്നു<br>Written By: Suryaprabha P.C (Asst. Audit Officer, On 29-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-32 |
| 35 | റോഡ് ടാറിംഗ് പ്രവൃത്തികൾ- ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകളില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 28-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-33 |
| 36 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 28-05-2022)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 07-06-2022) | 1-34 |
| 37 | മരാമത്ത് പ്രവൃത്തികൾ-എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം<br>Written By: Suryaprabha P.C (Asst. Audit Officer, On 28-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-35 |
| 38 | കാലഹരണപ്പെട്ട നിബന്ധനകൾ ഉൾപ്പെടുത്തി മരാമത്ത് പ്രവൃത്തികളുടെ കരാറിൽ ഏർപ്പെടുന്നു<br>Written By: Suryaprabha P.C (Asst. Audit Officer, On 28-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-36 |
| 39 | ജി.എസ്.റ്റി.കോമ്പൻസേഷൻ അനുവദിച്ച കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി സൂക്ഷിച്ചിട്ടില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 30-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 1-37 |
| 40 | ഹരിതകർമ്മസേനയുടെ പ്രവർത്തനം- അവലോകനം<br>Written By: Suryaprabha P.C (Asst. Audit Officer, On 30-05-2022)<br>Last Updated By: Johncy John (Computer Assistant, On 14-06-2022) | 1-38 |
| 41 | ആസ്തി സംരക്ഷണത്തിൽ വീഴ്ച; ലഭിച്ച ഭൂമി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്നതിന് രേഖകളില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 30-05-2022)<br>Last Updated By: Johncy John (Computer Assistant, On 14-06-2022) | 1-39 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Harikumar.S (Auditor, On 25-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Harikumar.S (Auditor, On 25-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Harikumar.S (Auditor, On 25-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് - വായ്പ ഇനത്തിൽ തൻവർഷ വരവ് 50291<br>Written By: Harikumar.S (Auditor, On 25-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |

| | | |
|---|---|---|
| | Written By: Harikumar.S (Auditor, On 25-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Harikumar.S (Auditor, On 25-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Harikumar.S (Auditor, On 25-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Harikumar.S (Auditor, On 25-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Harikumar.S (Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Harikumar.S (Auditor, On 26-05-2022)<br>Last Updated By: Johncy John (Computer Assistant, On 06-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 09.03.2020-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 22.02.2021-ലെ 3-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. 41,08,229 രൂപ മുന്നിരിപ്പും 11,52,99,939 രൂപ വരവും 11,74,69,107 രൂപ ചെലവും 19,39,061 രൂപ നീക്കിയിരിപ്പുമുള്ള ബജറ്റാണ് പാസ്സാക്കിയിട്ടുള്ളത്.

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക 16/04/2021-ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി-3 : Capital Cintribution-മുൻവർഷത്തെ തുക തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഗ്രാന്റ് ചെലവുകൾ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

3. മെയിന്റനൻസ് ഗ്രാന്റ്-റോഡിതര വിഭാഗത്തിൽ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത 39,668 രൂപ വാർഷിക കണക്കിൽ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടില്ല.

4. ഷെഡ്യൂൾ B9:- റവന്യൂ- വാടക അഡ്വാൻസ് കളക്ഷൻ ആയി കാണിച്ചിരിക്കുന്ന തുക (54927) ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയറിലെ വിവരങ്ങളും കാലികമല്ല.

6. ഗ്രാമപഞ്ചായത്ത് വക ഭൂമി സ്ഥിര ആസ്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അങ്കണ വാടിയ്ക്കായി വാങ്ങിയ ഭൂമി മാത്രമാണ് (മൂല്യം-3 ലക്ഷം രൂപ) ആസ്തിയായി ഉൾപ്പെടുത്തിയിട്ടുള്ളത്.

7. ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെ ടുത്തുന്നില്ല.

8. ഓഡിറ്റ് റിക്കവറി ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ തുക (14280) കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

9. ഷെഡ്യൂൾ I 6:- സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിച്ച ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല.

10. വാർഷിക പദ്ധതി പ്രകാരം ഉത്പാദന, സേവന, പശ്ചാത്തല മേഖലയിലെ ചെലവുകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല. റോഡിന് സംരക്ഷണ ഭിത്തി നിർമ്മാണത്തിന് ചെലവഴിച്ച തുക ഉത്പാദനമേഖലയിലെ (I-14) ചെലവായി അക്കൗണ്ട് ചെയ്തിട്ടുണ്ട്.

11. അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ് മിഷന് നൽകിയ 4 ലക്ഷം രൂപ B-18 ഷെഡ്യൂളിൽ അഡ്വാൻസായി അക്കൗണ്ട് ചെയ്യുന്നതിന് പകരം ചെലവായി അക്കൗണ്ട് ചെയ്തു.

12. എ.ബി.സി പ്രോഗ്രാമിനായി ജില്ലാകുടുംബശ്രീ മിഷൻ കോർഡിനേറ്റർക്ക് മുൻകൂർ നൽകിയ 42000 രൂപ അഡ്വാൻസായി അക്കൗണ്ട് ചെയ്തിട്ടില്ല.

13. ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ കൃത്യമാണെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല

### 1-3 സാമ്പത്തിക നില (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9817444 |

| | |
|---|---|
| ഓഡിറ്റ് വർഷത്ത വരവ് | 62317293 |
| ആകെ വരവ് | 72134737 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 61107659 |
| നീക്കിയിരിപ്പ് | 11027078 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 10710000 | 10710000 | 10709996 | 4 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6953000 | 6953000 | 5885639 | 1067361 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 100000 | 100000 | 100000 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 0 | 3710000 | 3710000 | 1267355 | 2442645 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 6002668 | 6002668 | 5768711 | 233957 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 8606000 | 8606000 | 8598371 | 7629 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3492000 | 3492000 | 3491801 | 199 |

| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ശുചിത്വ മിഷൻ | 1856280 | 1893638 | 3749918 | 1341522 | 2408396 |
| ലൈഫ് സംസ്ഥാന വിഹിതം | 0 | 100000 | 100000 | 100000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എം.ജി.എൻ.ആർഇ.ജി.എസ് | 0 | 22524362 | 22524362 | 22524362 | 0 |
| ഐ.സി.ഡി.എസ്. | 600224 | 1177519 | 1777743 | 622372 | 1155371 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രിക-അപാകതകൾ

എ) വിവിധ ഫണ്ടിനങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക, സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. ഇത് മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവിധ ഫണ്ടിനങ്ങളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | സ്രോതസ്സിൽ കുറവ് ചെയ്ത തുക | | |
|---|---|---|---|
| | ഇനം | ആകെ വരവിൽ ഉൾപ്പെടാത്ത തുക | ആകെ ചെലവിൽ ഉൾപ്പെടാത്ത തുക |
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 219491 | |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 788400 | |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 205176 | |
| മെയിന്റനൻസ് | വോട്ടിംഗ് മെഷീൻ | 35319 | 35319 |

| | | | |
|---|---|---|---|
| ഗ്രാന്റ്-റോഡിതരം | ചെലവ് | | |

ബി) ആയുർവേദ ഹോസ്പിറ്റൽ മെയിന്റനൻസ് (73/21) എന്ന പ്രോജക്ടിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 247791 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ ചെലവ് സുലേഖ പ്രകാരമുള്ള വാർഷിക പദ്ധതി ചെലവ് സ്റ്റേറ്റ്മെന്റിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെട്ടിട്ടില്ല.

സി) എം.ജി.എൻ.ആർ.ഇ.ജി.എസ്. വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട അങ്കണവാടി നിർമ്മാണ പ്രോജക്ടിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി ഐ.സി.ഡി.എസ്. സെൻട്രൽ ഷെയറിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും 4 ലക്ഷം രൂപ സ്റ്റേറ്റ്മിഷന് കൈമാറിയിരുന്നു. എന്നാൽ ഈ ചെലവ് സുലേഖ പ്രകാരമുള്ള വാർഷിക പദ്ധതി ചെലവ് സ്റ്റേറ്റ്മെന്റിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിൽ സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല. ഇത് വാർഷിക കണക്ക് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ് വിനിയോഗ പത്രികയുടെ അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 296 | 87931713 | 230 | 43429970 | 78 % |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 230 എണ്ണത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 50% തുക മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഗുണഭോക്തൃ വിഹിതം പ്രോജക്ടിനായി വകയിരുത്തുന്നുണ്ടെങ്കിലും ആയതിന്റെ ചെലവ് സുലേഖയിൽ അക്കൗണ്ട് ചെയ്യുന്നില്ല. പ്രത്യേക ഉദ്ദേശ്യ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം എന്നീ മേഖലകളിൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കത്തക്കവണ്ണം പ്രോജക്ടുകൾ ആവിഷ്കരിക്കുവാനും നടപ്പിലാക്കുവാനും ശ്രദ്ധിക്കുന്നില്ല. ഗ്രാമപഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹിക്കുമ്പോൾ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല. മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്‌പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല. ഇ-ടെണ്ടർ പ്രവൃത്തികളിൽ കരാറുകാരുടെ നിരക്കുകളുടെ താരതമ്യ പട്ടിക ഫയലിൽ സൂക്ഷിക്കുന്നില്ല. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെയ്ക്കുന്നതിനാൽ കുറഞ്ഞ അടങ്കലുള്ള ധാരാളം പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതായി വരുന്നുണ്ട്. അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 607438 | 607438 | 607438 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21916924 | 21916924 | 21916924 | 0 |
| ആകെ | 0 | 22524362 | 22524362 | 22524362 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|

| | | |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 147 | 2473400 |
| വിധവാപെൻഷൻ | 532 | 8109100 |
| വാർദ്ധക്യകാലപെൻഷൻ | 1491 | 21998200 |
| വികലാംഗപെൻഷൻ | 210 | 3112700 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 20 | 296800 |
| തൊഴിൽ രഹിത വേതനം | 15 | 9000 |

## 1-7-1 മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്തിട്ടില്ല

ചുവടെ ചേർക്കുന്ന ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടെങ്കിലും അവരുടെ പെൻഷൻ അക്കൗണ്ടുകൾ നാളിതുവരെ സസ്പെൻഡ് ചെയ്തിട്ടില്ല. ഡി.ബി.റ്റി.രേഖകൾ പരിശോധിച്ചതിൽ മസ്റ്ററിംഗ് പൂർത്തീകരിക്കാത്തവരുടെ പെൻഷൻ തുക ബാങ്ക് അധികൃതർ തടഞ്ഞുവച്ചിട്ടുണ്ട്. ഇവരുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാത്തതിനാൽ 4/22 വരെയുള്ള പെൻഷൻ തുക ബാങ്കുകൾക്ക് കൈമാറാൻ ഇടയായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | വിതരണ രീതി | മരണശേഷം കൈമാറിയ പെൻഷൻ തുക | കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|---|
| കുഞ്ഞുപിള്ള | 103900100268 | 22/09/19 | സഹകരണ ബാങ്ക് മുഖേന നേരിട്ട് | 47000 | 8/19-4/22 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ പെൻഷൻ തുക ബാങ്കിൽ ശേഷിക്കുന്നു |
| മോഹനൻ പിള്ള | 103900201168 | 19/07/19 | സഹകരണ ബാങ്ക് മുഖേന | 47000 | 8/19-4/22 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ പെൻഷൻ തുക ബാങ്കിൽ ശേഷിക്കുന്നു |
| ഗൗരിക്കുട്ടി | 103900600189 | 07/04/19 | ബാങ്ക് അക്കൗണ്ട് മുഖേന | 50600 | 5/19-4/22 | 5/19-7/19 വരെയുള്ള 3600 രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ ബാക്കി തുക ബാങ്കിൽ ശേഷിക്കുന്നു |
| ദാനിയേൽ എബ്രഹാം | 103900201087 | 18/05/19 | സഹകരണ ബാങ്ക് മുഖേന | 26100 | 5/19-4/22 | 5/19-ൽ Deseased എന്ന് ഡി.ബി.റ്റിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ പെൻഷൻ തുക ബാങ്കിൽ ശേഷിക്കുന്നു |
| ശോശാമ്മ ജോൺ | 103900200163 | 14/07/19 | സഹകരണ ബാങ്ക് മുഖേന | 55300 | 5/19-4/22 | 5/19-ൽ Deseased എന്ന് ഡി.ബി.റ്റിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ പെൻഷൻ തുക ബാങ്കിൽ ശേഷിക്കുന്നു |
| കുഞ്ഞുഞ്ഞമ്മ മത്തായി | 103900200694 | 23/11/19 | സഹകരണ ബാങ്ക് | 47000 | 8/20-4/22 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പെൻഷൻ തുക ബാങ്ക് തടഞ്ഞ് വച്ചിരിക്കുകയാണ്. |

ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന മരണങ്ങൾ സസ്പെൻഡ് ചെയ്യുന്നുണ്ട്. എന്നാൽ ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് പരിധിക്ക് പുറത്ത് മരണപ്പെട്ടാൽ ടി വിവരങ്ങൾ ലഭ്യമാകുവാൻ നിലവിൽ സംവിധാനമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22) മറുപടിയായി ടി ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് മെമ്പർമാർ, അങ്കണവാടി വർക്കർമാർ, ആശാ വർക്കർമാർ എന്നിവർ മുഖേന മരണപ്പെടുന്ന ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിശദാംശം ശേഖരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടാൽ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ഗ്രാമപഞ്ചായത്തിൽ വീഴ്ച കൂടാതെ അറിയിക്കണമെന്ന് വിവരം പ്രസിദ്ധപ്പെടുത്താവുന്നതും ഇത് സംബന്ധിച്ച ഒരു സത്യപ്രസ്താവന പെൻഷൻ ഗുണഭോക്താക്കൾ/അപേക്ഷകരിൽ നിന്നും വാങ്ങാവുന്നതുമാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.05.2022 തീയതിയിൽ 2.15 PM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 37799 (മുപ്പത്തേഴായിരത്തി എഴുനൂറ്റി തൊണ്ണൂറ്റൊമ്പത് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്. ഫീൽഡ് പരിശോധനയ്ക്കായി നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് നിശ്ചിത ഇടവേളകളിൽ വാർഡുകളുടെ ചുമതല മാറ്റി നൽകാവുന്നതാണ്.
അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതി കുടിശ്ശിക ഈടാക്കുന്നതിനുമുള്ള കാര്യക്ഷമമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും മേലുദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. വസ്തുനികുതിയ്ക്കുമേൽ സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിഗണിച്ചിട്ടില്ല. പൊതു കുടിവെള്ള ടാപ്പുകളുടെ എണ്ണത്തിലെ കൃത്യത ഉറപ്പാക്കാത്തതിനാൽ വെള്ളക്കരം ഇനത്തിൽ അധികച്ചെലവ് ഉണ്ടാകുന്നുണ്ട്.
സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2020-21 വർഷം വരെ സൃഷ്ടിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കേണ്ടതുണ്ട്. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ അപ്പോൾ തന്നെ കാലികമാക്കണം. പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ്. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 21/07/2021 മുതൽ 26/07/21 വരെ | 01/04/20മുതൽ 31/03/21 വരെ | 11/08/21 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/08/2013 മുതൽ 05/09/13 വരെ | 2008-09 മുതൽ 2012-13 വരെ | 01/10/13 |

## 1-11 നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിക്കുന്നില്ല

സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും TR-7A മാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണെന്ന് കേരള ട്രഷറി കോഡ്, ചട്ടം 92 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിലെ ധനവിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശപ്രകാരം {GO(P) 177/06/Fin Dated 12.04.2006} എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും TR-7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ വകുപ്പിൽ നിന്നുള്ള ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെയും വരവ്-ചെലവ് വിവരങ്ങൾ എഴുതി സൂക്ഷിക്കണം. എന്നാൽ ഹെഡ് മാസ്റ്റർ, മെഡിക്കൽ ഓഫീസർ (FHC), ഡയറി ഫാം ഇൻസ്പെക്ടർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് എൻജിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ TR-7A മാതൃകയിലുള്ള ക്യാഷ് ബുക്കിലല്ല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെ വരവ്-ചെലവ് കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടുള്ളത്. അപാകത പരിഹരിക്കുന്നതിനായി ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 മാർക്കറ്റ് പിരിവ്-അപാകതകൾ

മാർക്കറ്റ് പ്രവർത്തിക്കുന്ന ദിവസങ്ങളിൽ പഞ്ചായത്തിൽ നിന്നും നേരിട്ടാണ് തറവാടക പിരിക്കുന്നത്. മാർക്കറ്റ് പിരിവിനായി നിയോഗിച്ചിട്ടുള്ള താൽക്കാലിക ജീവനക്കാരി പഞ്ചായത്ത് ഇഷ്യു ചെയ്തിട്ടുള്ള രസീത് ബുക്കുകൾ ഉപയോഗിച്ച് പിരിവ് നടത്തി പഞ്ചായത്തിൽ ഒടുക്കുകയാണ്. മാർക്കറ്റ് പിരിവ് പഞ്ചായത്ത് നേരിട്ട് നടത്തുന്ന സാഹചര്യത്തിൽ ആയതിനു വേണ്ടി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. മാർക്കറ്റ് ഫീസുകൾ നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ എത് നിരക്ക് അടിസ്ഥാനമാക്കിയാണ് മാർക്കറ്റ് ഫീസുകൾ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതെന്ന് വ്യക്തമല്ല. ഫീസ് പിരിവിന് ഉപയോഗിക്കുന്ന രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ ഗുരുതരമായ അപാകതകൾ സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കളക്ഷൻ രജിസ്റ്ററിൽ രസീത് നമ്പറുകൾ ചേർക്കുന്നില്ല. ബുക്ക് നമ്പർ മാത്രമാണ് ചേർക്കുന്നത്.

2. മാർക്കറ്റ് രസീതുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ബാലൻസ് സ്റ്റോക്ക് രേഖപ്പെടുത്തുന്നില്ല.

3. മാർക്കറ്റ് പിരിവ്, അവയുടെ ഒടുക്ക് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ എന്നിവയൊന്നും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയോ,സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

4. 09.09.2020-ലെ മാർക്കറ്റ് ഫീസ് പിരിവുകൾ എഴുതിയിരിക്കുന്നത് 205-ാം നമ്പർ ബുക്കിലെ 8962 മുതൽ 8991 വരെയുള്ള രസീതുകളിലായാണ്. 206-ാം നമ്പർ ബുക്കിലെ 9001 മുതൽ 9032 വരെയുള്ള രസീതുകളിലും ഇതേ വരവുകൾ തന്നെ വീണ്ടും എഴുതിയിട്ടുണ്ട്. .

5. 206-ാം നമ്പർ രസീത് ബുക്കിലെ 9033മുതൽ 9037 വരെയുള്ള രസീതുകളിൽ 12.09.2020-ലെ കുറച്ച് വരവുകളും 9038 മുതലുള്ള രസീതുകളിൽ 19.09.2020-ലെ വരവുകളും രേഖപ്പെടുത്തിയിക്കുന്നു. 12.09.2020-ലെ ബാക്കി വരവുകൾ 9060 മുതലുള്ള രസീതുകളിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

6. 16.09.20- ലെ വരവിനത്തിൽ 1060രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ടി.ദിവസത്തെ രസീതുകൾ എഴുതിയതായി കാണുന്നില്ല.

7. രസീത് പ്രകാരമുള്ള കളക്ഷൻ തുകകളും പഞ്ചായത്തിൽ അടച്ച തുകകളും തമ്മിൽ പല ദിവസങ്ങളിലും വ്യത്യാസം കാണുന്നു.

| ക്രമ.നം. | തീയതി | രസീത് നം. | രസീത് പ്രകാരം വരവ് | ഒടുക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | 03.06.20 | 198(8282-8311) | 1640 | 1600 | 40 |
| 2 | 10.06.20 | 199(8341-8373) | 2020 | 1850 | 170 |
| 3 | 24.06.20 | 200(8469-8504) | 1910 | 1390 | 520 |
| 4 | 27.06.20 | 201(8505-8530) | 2080 | 1450 | 630 |
| 5 | 01.07.20 | 201(8531-8561) | 1820 | 1580 | 240 |
| 6 | 05.08.20 | 203(8718-8737) | 1110 | 1060 | 50 |
| 7 | 08.08.20 | 203(8738-8753) | 980 | 930 | 50 |
| 8 | 15.08.20 | 203(8776-8800) | 1240 | 1190 | 50 |
| 9 | 26.08.20 | 204(8869-8900) | 1310 | 1260 | 50 |
| 10 | 29.08.20 | 205(8901-8927) | 1140 | 1120 | 20 |
| 11 | 02.09.20 | 205(8928-8937) | 560 | 460 | 100 |
| 12 | 10.10.20 | 207(9195-9200), | 1590 | 1110 | 480 |

| | | | | | |
|---|---|---|---|---|---|
| | | 208(9201-9217) | | | |
| 13 | 04.11.20 | 210(9401-9433) | 1520 | 1470 | 50 |
| 14 | 07.11.20 | 210(9434-9468) | 1570 | 1470 | 100 |
| 15 | 05.12.20 | 212(9693-9700), 213(9701-9723) | 1480 | 1450 | 30 |
| 16 | 19.12.20 | 214(9801-9825) | 1290 | 1190 | 100 |
| 17 | 02.01.21 | 215(9902-9930) | 1340 | 1280 | 60 |
| 18 | 10.03.21 | 221(10501-10530) | 1390 | 1290 | 100 |
| | ആകെ | | 25990 | 23150 | 2840 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/23.05.2022), രസീത് വിവരങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാർക്കറ്റ് ഫീസ് പിരിവ് കൃത്യമായി നടത്തുന്നുണ്ടെന്നും പിരിച്ചെടുക്കുന്ന തുകകൾ അന്നേദിവസം തന്നെ കൃത്യമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. രസീത് പ്രകാരം പിരിച്ചെടുത്തതിൽ പഞ്ചായത്തിൽ ഒടുക്കാൻ ബാക്കിയുള്ള തുക ടി.യാളിൽ നിന്നും തിരികെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ഭൂരിപക്ഷം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | ശബരിഗിരി റീജിയണൽ സോഷ്യൽ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1st & 2nd |
| 2 | മൾട്ടിടെക്ക് ഡീസൽ വർക്ക്സ്, XIII/716 | 1st & 2nd |
| 3 | പുളിമൂട്ടിൽ വുഡ് ഡിസൈൻ, V/172 | 1st & 2nd |
| 4 | ഉഡ്വിൽ ട്രേഡേഴ്സ്, 13/414, 415,416 | 1st & 2nd |
| 5 | ഗോഡ്വിൻ കാറ്ററിംഗ്, 1/4 | 1st & 2nd |
| 6 | ആര്യാസ് ഹോട്ടൽ, 11/58A | 1st & 2nd |
| 7 | റോയൽ ഇൻഡേൻ സർവ്വീസ്, 5/110 | 1st & 2nd |
| 8 | സെന്റ് പാട്രിക്ക് മോട്ടോഴ്സ്, 6/178 | 1st & 2nd |
| 9 | എ.എ.കെ.വെജിറ്റബിൾസ്, XI/43 | 1st & 2nd |
| 10 | എ.ജി.റ്റി. സൂപ്പർമാർക്കറ്റ്, VI/134 | 1st & 2nd |
| 11 | എ-വൺ മിൽക്ക് പ്രോഡക്ട്സ് പ്രൈ. ലിമിറ്റഡ്, 1/230B | 1st & 2nd |
| 12 | നീമ എൻജിനീയറിംഗ് വർക്ക്സ്, VI/447A | 1st & 2nd |
| 13 | ക്ലാസ്സിക്ക് ഫുഡ്സ്, III/324A | 1st & 2nd |
| 14 | എ.ജി.റ്റി. ഗ്രീൻ ഗാർഡൻസ് & ഫാം, VI/60 | 1st & 2nd |

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ

നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശികയിനത്തിൽ വലിയ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വാർഷിക കണക്ക് പ്രകാരം ഗാർഹിക കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക 176769 രൂപയും ഗാർഹികേതര കെട്ടിടങ്ങളുടെയും മൊബൈൽ ടവ്വറുകളുടെയും നികുതി കുടിശ്ശിക 815348 രൂപയുമാണ്. കുടിശ്ശികയിനത്തിൽ വലിയ തുക ഒടുക്കാനുള്ളവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ മം. | കെട്ടിടത്തിന്റെയും ഉടമയുടെയും വിവരങ്ങൾ | കുടിശ്ശിക കാലയളവ് | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|
| 1 | 3/225A, ബി.എസ്.എൻ.എൽ. മൊബൈൽ ടവർ | 2017-18 – 2020-21 | 376320 |
| 2 | 3/406A, റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 2018-19 - 2020-21 | 23547 |
| 3 | 4/356A, ബി.എസ്.എൻ.എൽ. മൊബൈൽ ടവർ | 2017-18 – 2020-21 | 12616 |
| 4 | 8/22B, ബി.എസ്.എൻ.എൽ. മൊബൈൽ ടവർ | 2017-18 – 2020-21 | 12928 |
| 5 | 11/291A, ബി.എസ്.എൻ.എൽ. മൊബൈൽ ടവർ | 2017-18 – 2020-21 | 11276 |
| 6 | 12/393B, മുരളീധരൻ നായർ | 2013-14 – 2020-21 | 31752 |
| | ആകെ | | 468439 |

വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/23.05.2022), നികുതി കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക തുകകൾ അടിയന്തിരമായി പിരിച്ചെടുത്ത് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കാതെ കെട്ടിട നമ്പർ അനുവദിച്ചു

ഓമല്ലൂർ വില്ലേജ്, ബ്ലോക്ക് നമ്പർ 26-ൽ സർവ്വേ നം. 292/7, 292/8-1 എന്നിവയിലുള്ള 428ച.മീ ഭൂമിയിൽ നിലവിലുണ്ടായിരുന്ന 517.45 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട-വാണിജ്യ (A1 & F) കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 282.65 ച.മീ എക്സ്റ്റൻഷൻ നടത്തുന്നതിന് ശ്രീ. റ്റി.ആർ.ശിവസുതൻ, തറമേൽക്കര, കൊടുന്തറ എന്നയാൾക്ക് 17.12.2018-ൽ SC2-BA(29681)/2019 നമ്പരായി പെർമിറ്റ് നൽകിയിരുന്നു. ആകെ വിസ്തീർണ്ണത്തിൽ 237.62ച.മീ. പാർപ്പിടാവശ്യത്തിനും 28.14 ച.മീ. വാണിജ്യാവശ്യത്തിനും 16.89ച.മീ. സ്റ്റെയർ കാബിനുമാണ്. നിർമാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 30.12.2020-ൽ ടി.കെട്ടിട ഭാഗങ്ങളുടെ നികുതി നിശ്ചയിച്ച് 61E,61F,61G എന്നീ നമ്പരുകളും അനുവദിച്ചിരുന്നു. കെട്ടിടത്തിന്റെ സെല്ലാർ നിലയ്ക്ക് 217.91ച.മീ. വിസ്തീർണ്ണമുണ്ട്. ആയത് പൂർണമായും പാർക്കിംഗിനായാണ് കംപ്ലീഷൻ പ്ലാനിൽ കാണിച്ചിരുന്നത്. ടി. സെല്ലാറിന്റെ കുറച്ച് ഭാഗത്ത് ഭിത്തികൾ നിർമ്മിച്ച് 21.34 ച.മീറ്ററും 23.04ച.മീറ്ററും വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള രണ്ട് മുറികളും പാർപ്പിടാവശ്യത്തിനുള്ള 37.7 ച.മീ. വിസ്തീർണ്ണം വരുന്ന മുറികളും ആക്കി മാറ്റുകയും ആയതിന് നമ്പർ അനുവദിക്കുന്നതിന് 04.01.2021-ൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ടി.കെട്ടിടഭാഗങ്ങൾ അസ്സസ്സ് ചെയ്യുകയും 20.02.2021-ൽ 61H, 61I, 61J എന്നീ നമ്പരുകൾ അനുവദിച്ചു നൽകുകയും ചെയ്തു. 17.12.2018-ൽ അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് പാർക്കിംഗിനായി മാറ്റി വെച്ച സെല്ലാർ ഭാഗത്ത് പ്രസ്തുത നിർമ്മാണം നടത്തിയിട്ടുള്ളത്. ആയത് ക്രമവത്ക്കരിക്കാതെയാണ് കെട്ടിട ഭാഗങ്ങൾ അസസ്സ് ചെയ്ത് നമ്പർ അനുവദിച്ചിട്ടുള്ളത്. ക്രമവത്ക്കരണ ഫീസിനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട 1642രൂപയും ((21.34+23.04+37.7)x20) നഷ്ടപ്പെടുകയുണ്ടായി പെർമിറ്റിൽ നിന്നും വ്യതിചലിച്ചു നിർമ്മിച്ച കെട്ടിട ഭാഗങ്ങൾ ക്രമവത്ക്കരിക്കാതെ അസ്സസ്സ്മെന്റ് നടത്തിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(25/24.05.2022), കെട്ടിട ഉടമയ്ക്ക് അറിയിപ്പ് നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിട ഉടമയിൽ നിന്നും അപേക്ഷയും ചട്ടപ്രകാരമുള്ള ഫീസും വാങ്ങി അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് നടപടി

സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 സർക്കാർ അനുമതിയില്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ ക്ലർക്കിനെ നിയമിച്ചു

ശ്രീ. വിനീഷ്കുമാർ വി, വിനീഷ് ഭവനം, ആറ്ററികം എന്നയാളെ ക്ലർക്ക് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ 28.02.2020-ലെ 3(1) നമ്പർ തീരുമാന പ്രകാരം നിയമിച്ചിരുന്നു. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് താൽക്കാലിക വേതനത്തിൽ ഒരാൾക്ക് പരമാവധി 100 പ്രവൃത്തി ദിവസങ്ങൾ ജോലി നൽകാവുന്നതാണെന്നുള്ള 02.03.2009-ലെ 79865/ഇ.പി.എ.1/ 08/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരമാണ് നിയമനം നടത്തിയിട്ടുള്ളത്. 10.03.2020-ൽ ജോലിയിൽ പ്രവേശിച്ച ടിയാന്റെ 100 ദിവസ കാലാവധി 17.06.2020-ൽ അവസാനിച്ചെങ്കിലും വീണ്ടും മൂന്നു തവണകൂടി കാലാവധി നീട്ടി നൽകുകയുണ്ടായി. മൊത്തം 379 ദിവസം ടിയാൻ ക്ലർക്ക് തസ്തികയിൽ ജോലിചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിലെ വേതനമിനത്തിൽ 2020-21 ൽ 199290 രൂപ ടിയാന് അനുവദിച്ചു നൽകിയിട്ടുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കമ്മിറ്റി തീരുമാനം നമ്പർ | ജോലി ചെയ്ത കാലയളവ് | വേതനാടിസ്ഥാനത്തിൽ അനുവദിച്ച തുക | |
|---|---|---|---|
| | | മാസം | തുക |
| 28/02/20 ലെ 03/01 നമ്പർ തീരുമാനം | 10.03.2020 – 17.06.2020 (100 ദിവസം) | മാർച്ച് 20<br>ഏപ്രിൽ 20<br>മെയ് 20 | 16280<br>19980<br>19980 |
| 23.06.2020 ലെ 06/01 നമ്പർ തീരുമാനം | 24.06.2020 – 01.10.2020 (100 ദിവസം) | ജൂൺ 20<br>ജൂലൈ 20 | 17760<br>19980 |
| 16.10.20 ലെ 10/01 നമ്പർ തീരുമാനം | 19.10.20 – 26.01.21 (100 ദിവസം) | ആഗസ്റ്റ് 20<br>സെപ്റ്റംബർ 20<br>ഒക്ടോബർ 20 | 18370<br>14060<br>5920 |
| 20.01.2021 ലെ 11/01 നമ്പർ തീരുമാനം | 01.02.2021 – 20.04.2021 (79 ദിവസം) | നവംബർ 20<br>ഡിസംബർ 20<br>ജനുവരി 21<br>ഫെബ്രുവരി 21 | 17020<br>17760<br>14060<br>18120 |
| | | ആകെ | 199290 |

ദിവസവേതന, കരാർ ജീവനക്കാരെ നിയമിക്കുന്നത് സർക്കാരിന്റെ വ്യക്തമായ അനുമതിയോടെ മാത്രമായിരിക്കണമെന്ന് 26.02.2016-ലെ സ.ഉ.(അച്ചടി)നം.28/2016/ധന ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോട് കൂടി മാത്രമേ നിയമനം നടത്താവൂ എന്ന് 11.01.2019-ലെ 03/2019/ധന സർക്കുലറിലൂടെ സ്പഷ്ടീകരണവും പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാർ നിർദ്ദേശ ങ്ങൾക്ക് വിരുദ്ധമായി ഇല്ലാത്ത തസ്തികയിൽ നിയമനം നടത്തുകയും വേതനത്തിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുകയും ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (11/19.05.2022) നൽകിയിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും, ഇലക്ഷനുമായി ബന്ധപ്പെട്ട ജോലികൾ സമയബന്ധി തമായി പൂർത്തീകരിക്കുന്നതിനുമാണ് പ്രദേശവാസിയായ ശ്രീ. വിനീഷ്കുമാറിനെ ക്ലർക്കായി നിയമിച്ച് സേവനം വിനിയോഗിച്ചതെന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. ടി മറുപടി അംഗീകരിക്കത്തക്കതല്ല. മേൽ പ്രസ്താവിച്ചിട്ടുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുകയായ 199290 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-17 ചെറിയ വാഹനത്തിൽ കുടിവെള്ള വിതരണം നടത്തിയത് കരാറിന് വിരുദ്ധം

പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിന് 29.02.20-ൽ ക്വട്ടേഷനുകൾ ക്ഷണിച്ചിരുന്നു. 5000 ലിറ്റർ ശേഷിയുള്ള ജി.പി.എസ്. ഘടിപ്പിച്ച വാഹനത്തിൽ കി.മീറ്ററിന് 86 രൂപ നിരക്കിൽ കുടിവെള്ള വിതരണം നടത്താമെന്ന ശ്രീ.മനോജ് ഡി., ഇടമല വീട്, ഇലവുംതിട്ട എന്നയാളുടെ ക്വട്ടേഷൻ 10.03.2020-ലെ 14(1) നമ്പർ തീരുമാന പ്രകാരം കമ്മിറ്റി അംഗീകരിക്കുകയും 11.03.20-ൽ ടിയാൻ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. 5000 ലിറ്റർ ശേഷിയുള്ള വാഹനത്തിൽ വാട്ടർ അതോറിറ്റിയുടെ പമ്പ്ഹൗസിൽ നിന്നും കുടിവെള്ളം ശേഖരിച്ച് കി.മീ.-ന് 86 രൂപ നിരക്കിൽ വിതരണം നടത്താൻ സമ്മതിച്ചാണ് കരാർ ഒപ്പു വച്ചിട്ടുള്ളത്. 12.03.2020 മുതൽ 11.05.2020 വരെയുള്ള കാലയളവിൽ 5000ലിറ്റർ ശേഷിയുള്ള KL-45N-2879-നമ്പർ വാഹനത്തിൽ

ടിയാൻ കുടിവെള്ള വിതരണം നടത്തി. ഒരു ദിവസം ശരാശരി 20000ലിറ്റർ വീതം കുടിവെള്ളം ടി.കാലയളവിൽ വിതരണം നടത്തിയിട്ടുണ്ട്. വാഹന വാടകയിനത്തിൽ 514022 രൂപയും ടിയാന് ഈ കാലയളവിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ 14.05.2020-മുതൽ 20.05.2020 വരെയുള്ള കാലയളവിൽ 19.05.20 ഒഴികെയുള്ള ദിവസങ്ങളിൽ 2000ലിറ്റർ മാത്രം ശേഷിയുള്ള KL-30A-946 എന്ന വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. ടി.കാലയളവിൽ പ്രതിദിനം പരമാവധി 8000ലിറ്റർ കുടിവെള്ളം മാത്രമാണ് വിതരണം നടത്താൻ സാധിച്ചത്. ആകെ 22 ട്രിപ്പുകളിലായി 700 കി.മീ. വാഹനം ഓടുകയും 44000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുകയും ചെയ്തു. 700കി.മീ. ഓടിയതിന് കി.മീ.ന് 79രൂപ നിരക്കിൽ 55300രൂപ (ചെക്ക് നം.5317919/05.06.20) വാഹനവാടകയിനത്തിൽ ടി.യാന് അനുവദിച്ച് നൽകിയിട്ടുണ്ട്. 5000ലിറ്റർ ശേഷിയുള്ള വാഹനത്തിനു പകരം 2000ലിറ്റർ ശേഷിയുള്ള വാഹനം ഉപയോഗിച്ചതുമൂലം കുടിവെള്ളം ശേഖരിക്കുന്നതിനും അത് വാർഡുകളിൽ വിതരണം നടത്തുന്നതിനും കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വന്നിട്ടുണ്ട് എന്നാൽ കി.മീ. നിരക്കിൽ കാര്യമായ വ്യത്യാസം ഇല്ലാത്തതുമൂലം ഈയിനത്തിൽ പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. കരാറുകാരന് അനുവദിച്ച തുകകളിൽ നിന്നും ഇൻകംടാക്സ് കിഴിവ് ചെയ്തിട്ടുമില്ല. ടാങ്കർ ശേഷി കുറഞ്ഞ വാഹനത്തിൽ കുടിവെള്ള വിതരണം അനുവദിച്ചതിനും കരാറിനു വിരുദ്ധമായ നിരക്കിൽ തുക അനുവദിച്ച് നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (7/18.05.2022) നൽകിയിരുന്നു. മഴ പെയ്തതിനെ തുടർന്ന് 11.05.2020-ൽ കുടിവെള്ള വിതരണം അവസാനിപ്പിച്ചിരുന്നെന്നും എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള പമ്പിംഗ് ഒരാഴ്ച്ചത്തേക്ക് നിർത്തിവച്ചതിനെത്തുടർന്ന് 7-ാം വാർഡിൽ കുടിവെള്ള ക്ഷാമം ഉണ്ടായതായും വലിയ വാഹനം കയറി ചെല്ലുന്നതിന് ബുദ്ധിമുട്ടുള്ള പ്രദേശങ്ങളായതിനാലും കോവിഡ് നിയന്ത്രണങ്ങൾ മൂലം ജനങ്ങൾക്ക് നിരത്തുകളിൽ ഇറങ്ങുന്നതിന് പ്രയാസങ്ങളുണ്ടായതിനാലുമാണ് 2000ലിറ്റർ ശേഷിയുള്ള ചെറിയ വാഹനത്തിൽ കുടിവെള്ള വിതരണം നടത്തിയതെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. അനുവദിച്ച തുകയുടെ 1% ആദായനികുതിയിത്തിൽ തിരികെ അടക്കുന്നതിന് കരാറുകാരന് കത്ത് അയച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഇൻകം ടാക്സ് ഇനത്തിൽ കിഴിവ് ചെയ്യേണ്ടിയിരുന്ന തുക കരാറുകാരനിൽ നിന്നും അടിയന്തിരമായി തിരികെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 കൃഷിഭവൻ കെട്ടിടത്തിലെ വെള്ളക്കരമായി ഒടുക്കിയത് ഭീമമായ തുക

പഞ്ചായത്തിലെ കൃഷിഭവൻ പ്രവർത്തിക്കുന്ന കെട്ടിടത്തിലെ 21.01.2020 മുതൽ 25.01.2021 വരെയുള്ള കാലയളവിലെ വെള്ളക്കരം ഒടുക്കുന്നതിന് നാല് തവണകളിലായി മൊത്തം 59997രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ കാലയളവ് | ഉപയോഗിച്ച ജലത്തിന്റെ അളവ് | വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക | ചെക്ക് നം./ബിൽനം./ തീയതി |
|---|---|---|---|
| 21.05.20-22.05.20 | 237KL | 16468 | 52000173/28.05.2020 |
| 23.05.20-26.09.20 | 158KL | 2974 | 285445/26.09.20 |
| 26.09.20-20.11.20 | 412KL | 34952 | 861285521/24.12.20 |
| 20.11.20-25.01.21 | 165KL | 5603 | 509142/03.02.21 |
| ആകെ | | 59997 | |

കൃഷിഭവനിലും കെട്ടിടത്തിലെ മറ്റ് ഓഫീസുകളിലുമായി വളരെക്കുറച്ച് ജീവനക്കാരാണുള്ളത്. ഇത്രയും ഭീമമായ തുക വെള്ളക്കരം വരേണ്ട യാതൊരു സാഹചര്യവും നിലവിലില്ല. ഇത്തരത്തിൽ ഭീമമായ തുക കുടിവെള്ളക്കരം ഒടുക്കാൻ ഇടയായ സാഹചര്യം വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/19.05.2022) , പഞ്ചായത്തിലെ പൊതുശൗചാലയത്തിലേക്ക് ഈ കണക്ഷനിൽ നിന്നും ജലം ഉപയോഗിക്കുന്നതിനാലും കെട്ടിടത്തിന് പുറത്ത് സ്ഥാപിച്ചിട്ടുള്ള രണ്ട് ടാപ്പുകളിൽ നിന്നും പൊതുജനങ്ങൾ ജലം ശേഖരിക്കുന്നതിനാലുമാണ് വലിയ തുക ബില്ല് വരുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിവെള്ള ദുരുപയോഗം തടയുന്നത് വഴി വെള്ളക്കരമിനത്തിൽ ഭീമമായ തുക അടക്കേണ്ട സാഹചര്യം ഒഴിവാക്കാവുന്നതാണ്. മാർക്കറ്റിന് സമീപത്തായി പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള കിണറിൽ നിന്നും കൃഷിഭവൻ കെട്ടിടത്തിലേക്കും പൊതുശൗചാലയത്തിലേക്കും ജലം ലഭ്യമാക്കുന്നതിനുള്ള സാധ്യത കൂടി പരിശോധിക്കാവുന്നതാണ്.

## 1-19 എസ്റ്റിമേറ്റ് പരിധി പാലിക്കാതെ ഗുണഭോക്തൃ സമിതി മുഖേന തടയണനിർമ്മിച്ചു

വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അച്ചൻകോവിലാറ്റിൽ കൈപ്പട്ടൂർ കടവിന്റെ ഭാഗത്ത് താൽക്കാലിക തടയണ നിർമ്മിച്ചതിന് പ്രസ്തുത പ്രവൃത്തിയുടെ കൺവീനറായ ശ്രീമതി രജിതകുമാരി കെ.ആർ. എന്നയാളിന്

55200രൂപ (ചെക്ക് നം. XY-5317213/11.05.2020) അനുവദിച്ചിട്ടുണ്ട്. കടുത്ത വരൾച്ചയെ നേരിടുന്നതിനും, ആറിലെ ജലനിരപ്പ് നിലനിർത്തി ജലവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി താൽക്കാലിക തടയണ നിർമ്മാണം ഗുണഭോക്തൃ സമിതി മുഖേന പൂർത്തീകരിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതി മുഖേന സ്ഥിരം തടയണനിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും 31.01.2020-ൽ 2(2) നമ്പരായി തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി ആരംഭിച്ചത്. ശ്രീ. കെ. ബാലകൃഷ്ണൻ നായർ, ചെയർമാനും, ശ്രീമതി രജിതകുമാരി കെ.ആർ. കൺവീനറും മറ്റ് മൂന്ന പേർ അംഗങ്ങളായും ഗുണഭോക്തൃ സമിതി രൂപീകരിച്ചാണ് (11.0202020-ലെ 4(4) നമ്പർ തീരുമാനം) പ്രവൃത്തി നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ സമിതിയ്ക്ക് ഏഴ് അംഗങ്ങളിൽ കുറയാത്ത ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും അതിൽ മൂന്നിലൊന്ന് വനിതകൾ ആയിരിക്കേണ്ടതുമായിരുന്നു. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ പ്രതീക്ഷിത ചെലവ് 86300രൂപയായിരുന്നു. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)നം.11/2018 ത.സ്വ.ഭ.വ. തീയതി: 29.01.2018 ഖ.11.2(എ) പ്രകാരം 50000രൂപ വരെയും അതിന് താഴെയും എസ്റ്റിമേറ്റ് വരുന്ന പ്രവൃത്തികൾ മാത്രമേ ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിക്കാൻ സാധിക്കുകയുള്ളു. പ്രവൃത്തിയുടെ ബില്ല് തയ്യാറാക്കുകയോ, അളവുകൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വാല്യുവേഷൻ പ്രകാരം പ്രവൃത്തി മൂല്യം 62500രൂപയാണ്. ഗുണഭോക്തൃ സമിതിയുടെ യഥാർത്ഥ ചെലവ് തുകയായ 55200 രൂപയാണ് അനുവദിച്ചിട്ടുള്ളത്. തുക അനുവദിക്കുന്നതിന് മുൻപ് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം തടയണയുടെ ബോട്ടം വിഡ്ത്ത് 2.5മീറ്ററും, ടോപ്പ് വിഡ്ത്ത് 1മീറ്ററും ഹൈറ്റ് 2മീറ്ററുമാണ്. എന്നാൽ വാല്യുവേഷൻ പ്രകാരം ടോപ്പ് വിഡ്ത്ത് 2മീറ്ററും ബോട്ടം വിഡ്ത്ത് 1മീറ്ററും പൊക്കം 1 മീറ്ററും മാത്രമാണ്. എസ്റ്റിമേറ്റിന് അനുസരിച്ചല്ല നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി എക്സിക്യൂട്ടീവ് കമ്മിറ്റിയും കൺവീനറുമായുള്ള കരാറും, ഗുണഭോക്തൃ സമിതി കൺവീനറുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഏർപ്പെട്ടിട്ടുള്ള കരാറും പൂർണ്ണമല്ല. കരാറിന്റെ അനുബന്ധമായി ഉൾപ്പെടുത്തേണ്ട പ്രവൃത്തി വിവരപ്പട്ടികയും മറ്റ് രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും താൽക്കാലിക തടയണയ്ക്ക് പകരം സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അറിയിക്കുന്നതിന് 18.05.2022-ൽ 6-ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മഹാത്മാഗാന്ധി ദേശീയ തൊഴിൽ ഉറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് കൊണ്ട് ദീർഘകാലം നിലനിൽക്കുന്നതും ആവർത്തനച്ചെലവുകൾ ഒഴിവാക്കാൻ സാധിക്കുന്നതുമായ ഒരു തടയണ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെന്നും തൊഴിലുറപ്പ് പദ്ധതിയിൽ തടയണ നിർമ്മിക്കുന്നതിനുള്ള ഡാറ്റാ ഇല്ലായെന്ന് എൻ.ആർ.ഇ.ജി.എസ്. ബ്ലോക്ക് എ.ഇ. അറിയിച്ചതിനാലും തടയണ നിർമ്മാണത്തിന് ജലവിഭവ വകുപ്പിൽ നിന്നും തടസ്സരഹിത പത്രം ലഭിക്കാത്തതിനാലുമാണ് അടിയന്തിര ഘട്ടത്തിൽ ഗുണഭോക്തൃസമിതിയെ നിർമ്മാണം ഏൽപ്പിക്കേണ്ടി വന്നതെന്ന് എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. തടയണനിർമ്മാണം മൂലം ജലനിരപ്പ് ഉയരുകയും വാഹനങ്ങളിലുള്ള കുടിവെള്ളവിതരണം കുറയ്ക്കുന്നതിന് കഴിഞ്ഞതായും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അമിത ജോലിത്തിരക്ക് ഉണ്ടായതിനാലാണ് രേഖകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കാതെ പോയതെന്നും അറിയിച്ചിട്ടുണ്ട്. ടി മറുപടി അംഗീകരിക്കത്തക്കതല്ല ഗുണഭോക്തൃ സമിതി മുഖേനയുള്ള തടയണ നിർമ്മാണം പഞ്ചായത്തിലെ ഒരു ആവർത്തനച്ചെലവായി മാറിയിരിക്കുകയാണ്. തടയണ നിർമ്മാണം എല്ലാ വർഷവും നടക്കുന്നതുകൊണ്ട് തന്നെ മുൻകൂട്ടി ആസൂത്രണം നടത്തി മാർഗ്ഗരേഖപ്രകാരമുള്ള നടപടികൾ സ്വീകരിക്കാമായിരുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും രേഖകൾ കൃത്യമായി തയ്യാറാക്കിയിട്ടില്ലാതെയുമാണ് ചെലവ് നടത്തിയിട്ടുള്ളത്. അപാകതകളിന്മേൽ ആകെ ചെലവ് തുക 55200 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-20 സർക്കാർ വില നിശ്ചയിച്ച് നൽകിയിട്ടില്ലാത്ത ഉപകരണങ്ങൾ ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങി

ആയുർവേദ ആശുപത്രിയിലേക്ക് ഫർണ്ണിച്ചറും വാട്ടർ ടാങ്കും വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ച പദ്ധതിയുടെ ഭാഗമായി (നം.64/21) 44,208 രൂപ റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവഴിച്ച് ആർട്ട്കോ ലിമിറ്റഡിൽ നിന്ന് ഒരു എക്സിക്യൂട്ടീവ് ടേബിളും (140x60x75 Cm – 29,580 + GST) ഒരു എക്സിക്യൂട്ടീവ് ചെയറും (High Quality Dias Chair With Cishion Seat And Back – 7884 + GST) നേരിട്ട് വാങ്ങിയിട്ടുണ്ട്. കൂടാതെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 9-ാം നമ്പർ അങ്കണവാടിയിലേക്ക് (പ്രോജക്ട് നം. 58/21) റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് 30,359 രൂപ ചെലവഴിച്ച് 4 ഡെസ്കുകളും (120 Cm Desk With Book Provision-3600 + GST) 4 ടേബിളുകളും (120 X 60 Cm With Back-2772 + GST) ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങി നൽകിയിട്ടുണ്ട്. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 02.02.2018-ലെ GO(Rt) 04/2018/SPD നമ്പർ ഉത്തരവ് പ്രകാരം വില നിശ്ചയിച്ച് തന്നിട്ടുള്ള ഇനങ്ങളാണ് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ കൂടാതെ ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്നത്. ടി ഉത്തരവ് പ്രകാരം വില നിശ്ചയിച്ച് നൽകിയിട്ടില്ലാത്ത ഇനങ്ങൾ ടെണ്ടർ/ക്വട്ടേഷൻ നടപടികളിലൂടെയാണ് വാങ്ങേണ്ടത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ആയുർവ്വേദ ആശുപത്രിയിലേക്കും

അങ്കണവാടിയിലേക്കും വാങ്ങിയിട്ടുള്ള ഫർണ്ണിച്ചറുകൾക്ക് ടി ഉത്തരവ് പ്രകാരം വില നിശ്ചയിച്ച് നൽകിയിട്ടില്ല. ആയതിനാൽ ഇവ ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങേണ്ടതായിരുന്നു. വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രൊക്യൂർമെന്റ് മാനുവൽ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 നാപ്കിൻ ഡിസ്ട്രോയർ വാങ്ങൽ നടപടിയിലെ അപാകതകൾ

ആയുർവേദ ആശുപത്രിയിൽ നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിക്കുന്നതിനായി രൂപീകരിച്ച പദ്ധതി പ്രകാരം (നം. 322/21) 20,000 രൂപ കേന്ദ്ര വിഹിതം ചെലവഴിച്ച് ഒരു നാപ്കിൻ ഡിസ്ട്രോയർ മെഷീൻ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ക്വട്ടേഷൻ നടപടിയിലൂടെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ജനറൽ കമ്മിറ്റിയുടെ 28.01.2021-ലെ 1(2) നമ്പർ തീരുമാനപ്രകാരം, ലഭിച്ച 2 ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ Nexgen Biomedical Company, Chavara എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്നാണ് നാപ്കിൻ ഡിസ്ട്രോയർ മെഷീൻ വാങ്ങിയിട്ടുള്ളത്. വാങ്ങൽ നടപടിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- അംഗീകാരം ലഭിച്ച ക്വട്ടേഷൻ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ലഭ്യമായതായി പറയുന്ന രണ്ടാമത്തെ ക്വട്ടേഷൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
- പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങൽ നടത്തുമ്പോൾ മിനിമം 3 ക്വട്ടേഷനുകൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രണ്ട് ക്വട്ടേഷനുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 03/16.05.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-22 പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി വാങ്ങിയ ടാബ് ഉപയോഗിക്കുന്നില്ല

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി, നാഷണൽ ഹെൽത്ത് മിഷൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, 2020-21 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ യൂണിറ്റിന് ടാബ് വാങ്ങുന്നതിന് ബിൽ നം. 08/30.03.2021 പ്രകാരം 19,475 രൂപ ചെലവഴിച്ചിട്ടുണ്ട്. ക്വട്ടേഷൻ നടപടിയിലൂടെയാണ് ഒരു ടാബ് വാങ്ങിയിട്ടുള്ളത്. പാലിയേറ്റീവ് കെയറിന്റെ ഭാഗമായുള്ള റിപ്പോർട്ടിംഗ്, റെക്കോഡുകൾ സൂക്ഷിക്കൽ എന്നിവയിലുള്ള നിലവിലെ തടസ്സങ്ങൾ പരമാവധി പരിഹരിക്കുന്നതിനും ടെലി കൗൺസിലിംഗ്, ടെലി കൺസൾട്ടേഷൻ എന്നിവ നടപ്പിലാക്കുന്നതിനുമായിട്ടാണ് ടാബ് വാങ്ങുന്നതിന് എൻ.എച്ച്.എം. നിർദ്ദേശിച്ചത്. എന്നാൽ മേൽ സംവിധാനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ നാളിതുവരെ എൻ.എച്ച്.എം. ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാങ്ങിയ ടാബ് നിലവിൽ ഉപയോഗമില്ലാതെ പാലിയേറ്റീവ് കെയർ നഴ്സ് കൈവശം സൂക്ഷിച്ചിരിക്കുകയാണ്. ഈ വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി, ടാബ് ഉപയോഗപ്രദമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 മരുന്നും ഉപകരണങ്ങളും ലഭ്യമാകുവാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂർ നൽകിയ തുകയിൽ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ഇപ്പോഴും ലഭ്യമാകുവാൻ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ വിവരം | നൽകിയ തുക | ലഭ്യമായത് | അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ<br>SO 184/21 | 4,00,000<br>(MGNR) | 3,42,552 | 56,448 |
| 2 | പാലിയേറ്റീവ് കെയർ - ഉപകരണങ്ങൾ<br>SO 198/21 | 1,54,999<br>(District Panchayath) | -- | 1,54,999 |
| 3 | പാലിയേറ്റീവ് കെയർ - മരുന്ന്, | 2,00,000<br>(District | 1,35,379 | 64,621 |

| | | | | |
|---|---|---|---|---|
| | ഉപകരണങ്ങൾ<br>SO 35/21 | Panchayath) | | |
| 4 | പാലിയേറ്റീവ് കെയർ - ഉപകരണങ്ങൾ<br>SO 35/21 | 1,00,000 (Block Panchayath) | 96,593 | 3407 |

മുൻകൂർ നൽകിയ തുകയ്ക്ക് ലഭ്യമാക്കുവാൻ അവശേഷിക്കുന്ന ഉപകരണങ്ങളും മരുന്നും അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 അഗതിരഹിത കേരളം-പ്ലാൻ ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നു

സമൂഹത്തിലെ അശരണരും നിരാലംബരുമായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനാണ് സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന ആശ്രയ പദ്ധതി നടപ്പിലാക്കിയത്. ആശ്രയ പദ്ധതി രണ്ട് ഘട്ടം പിന്നിട്ടപ്പോൾ, നിലവിലെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയിലാണ് അഗതിരഹിത കേരളം പദ്ധതി നടപ്പിലാക്കിയത്. ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷമാണ് അഗതിരഹിത കേരളം പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. 2021-22 വരെയാണ് ഗ്രാമപഞ്ചായത്തിലെ പദ്ധതി കാലയളവ്.

പദ്ധതി പ്രകാരമുള്ള ഫണ്ട് വകയിരുത്തൽ

സംസ്ഥാന സർക്കാർ അംഗീകരിച്ച അഗതിരഹിത കേരളം പദ്ധതി പ്രകാരം വകയിരുത്തിയ വിവിധ ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | മൂന്നാം ഘട്ടം | ആകെ |
|---|---|---|---|---|
| പ്ലാൻ ഫണ്ട് | 1871000 | 3576000 | 1476000 | 6923000 |
| ചലഞ്ച് ഫണ്ട് | 993600 | 978600 | 978600 | 2950800 |
| മറ്റ് ഫണ്ടുകൾ | 5000 | 5000 | 405000 | 415000 |
| ആകെ | 2869600 | 4559600 | 2859600 | 10288800 |

ഇതിൽ, ഓഡിറ്റ് വർഷം ലഭ്യമായ പ്ലാൻ ഫണ്ട് 5,00,000 രൂപയടക്കം ആകെ പ്ലാൻ ഫണ്ട് 17,40,000 രൂപയും ഓഡിറ്റ് വർഷം ലഭ്യമായ ചലഞ്ച് ഫണ്ട് 9,83,600 രൂപയടക്കം ആകെ ചലഞ്ച് ഫണ്ട് 18,47,901 രൂപയും നാളിതുവരെ പദ്ധതിയ്ക്കായി ലഭ്യമായിട്ടുണ്ട്. ലഭ്യമായ ചലഞ്ച് ഫണ്ട് പൂർണ്ണമായും ചെലവഴിച്ചു. ഭക്ഷണം, ചികിത്സ എന്നിവയ്ക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്. പ്ലാൻ ഫണ്ടിനത്തിൽ ലഭ്യമായ 17,40,000 രൂപയിൽ 6,00,000 രൂപ മാത്രമാണ് ചെലവഴിച്ചത് (1 ഗുണഭോക്താവിന് വീടും 2 ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസും). അംഗീകാരം ലഭിച്ച പദ്ധതിയുടെ കാലഘട്ടം കഴിഞ്ഞതിനാൽ നിലവിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് ചെലവഴിക്കുവാൻ സാധിക്കാത്ത അവസ്ഥയിലാണ്. പ്ലാൻ ഫണ്ടിനത്തിൽ ആവശ്യമായ ഫണ്ട് ലഭ്യമായിട്ടും അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് യഥാസമയം അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ വിനിയോഗിക്കാതിരുന്നത് സ്ഥാപനതലത്തിലെ പദ്ധതിയുടെ പരാജയമായി കാണുന്നു. ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടേയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്ന് മേൽനോട്ടക്കുറവ് ഉണ്ടായിട്ടുണ്ട്. പരിഹാര നടപടികൾക്കായി വിഷയം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-25 നടീൽ വസ്തുക്കൾ വാങ്ങൽ - ബിൽ പ്രകാരമുള്ള തുക സ്ഥാപനങ്ങൾക്ക് പൂർണ്ണമായി നൽകിയില്ല

1. തെങ്ങ് കൃഷി വികസനം എന്ന പദ്ധതിയ്ക്കായി (നം. 23/21) കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 60,000 രൂപയുടെ തെങ്ങിൻ തൈകൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ ബില്ല് പ്രകാരമുള്ള 60,000 രൂപയിൽ 45,000 രൂപ വികസനഫണ്ടിൽ നിന്ന് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ഥാപനത്തിന് കൊടുക്കുവാൻ അവശേഷിച്ചതും ഗുണഭോക്തൃവിഹിതം ഇനത്തിൽ കളക്ട് ചെയ്തതുമായ 15,000 രൂപ ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ സ്ഥാപനത്തിന് കൈമാറിയിട്ടില്ല.

2. നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി (നം. 20/21) കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയിൽ നിന്ന് 2700 കി.ഗ്രാം. നെൽവിത്ത് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ബില്ല് പ്രകാരം 1,13,400 രൂപയിൽ 75,600 രൂപ വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക 37,800 രൂപ പദ്ധതിയിൽ

ഉൾപ്പെടുത്തി സ്ഥാപനത്തിന് നൽകിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കിയ വാർഷിക പദ്ധതിയുടെ ഭാഗമായി, മേൽ പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് നൽകുവാൻ അവശേഷിക്കുന്ന തുകകൾ നൽകിയിട്ടില്ലാത്തതാണ്. ഈ വിഷയത്തിൽ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. മറ്റേതെങ്കിലും പദ്ധതിയുടെ ഭാഗമായോ ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ചോ കൊടുക്കുവാൻ അവശേഷിക്കുന്ന തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിൽ ആ വിവരം ലഭ്യമാക്കേണ്ടതാണ്. അവശേഷിക്കുന്ന തുക നൽകിയിട്ടില്ലാത്ത പക്ഷം തുടർനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവനപദ്ധതി-സ്റ്റേജ് സർട്ടിഫിക്കേറ്റ് ലഭ്യമല്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് മൂന്ന് പദ്ധതികളിലായി (പ്രോ.നം. 36/21, 248/21, 248/21) ആകെ 41,80,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഭൂരഹിത ഭവനരഹിതരായ 8 ഗുണഭോക്താക്കൾക്ക് വസ്തു വാങ്ങി നൽകുന്നതിന് 16,00,000 രൂപയും 12 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആനുകൂല്യം നൽകുന്നതിനായി 25,80,000 രൂപയും ചെലവഴിച്ചു. ഭവന നിർമ്മാണത്തിനായി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സബ്സിഡിത്തുക വിവിധ ഗഡുക്കളായി വിതരണം ചെയ്യുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്റ്റേജ് സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും സ്റ്റേജ് സർട്ടിഫിക്കേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കുന്നതിനായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിച്ചതനുസരിച്ചുള്ള പ്രവർത്തനങ്ങൾ യഥാസമയം പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് രൂക്ഷമായ സമയത്ത് രണ്ട് കോവിഡ് കെയർ സെന്ററുകൾ പ്രവർത്തിപ്പിക്കുകയും ഒരു സി.എഫ്.എൽ.റ്റി.സി സജ്ജമാക്കുകയും ചെയ്തു. സി.എഫ്.എൽ.റ്റി.സി. പിന്നീട് ഡി.സി.സി. ആക്കി മാറ്റുകയും 29.12.20 വരെ പ്രവർത്തിപ്പിക്കുകയും ചെയ്തിരുന്നു.

### കോവിഡ് കെയർ സെന്റർ

ഗ്രാമപഞ്ചായത്തിൽ ഓമല്ലൂർ വേദ, അഞ്ജലി പ്ലാസ്സ എന്നിവിടങ്ങളിലായി രണ്ട് കോവിഡ് കെയർ സെന്ററുകൾ പ്രവർത്തിച്ചിരുന്നു. 8.05.2020-ൽ ആരംഭിച്ച അവ 01.02.2021 വരെ തുടർന്നുപോന്നു. വിദേശങ്ങളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അക്കാലയളവിൽ നാട്ടിലെത്തിയ പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലുമുള്ളവരുടെ പ്രധാനപ്പെട്ട ഒരു ക്വാറന്റൈൻ കേന്ദ്രമായിരുന്നു അവ. കോവിഡ് കെയർ സെന്ററുകളുടെ പ്രവർത്തനത്തിനായി 2020-21 -ൽ ആകെ 1947293 രൂപ ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും 325/21 നമ്പർ പദ്ധതി പ്രകാരം 126080 രൂപയും തനത് ഫണ്ടിൽ നിന്നും 1821213രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ള തുകയിൽ 681063 രൂപ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും റീ-ഇംബേഴ്സ് ചെയ്തു കിട്ടിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><td colspan="2">ചെലവഴിച്ച തുക</td><td colspan="2">ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ഇംബേഴ്സ് ചെയ്തു കിട്ടിയ തുകയുടെ വിവരങ്ങൾ</td><td>റീ ഇംബേഴ്സ് ചെയ്തു കിട്ടാൻ ബാക്കിയുള്ള തുക</td></tr>
<tr><td rowspan="2">വികസന ഫണ്ട്</td><td rowspan="2">126080</td><td>തീയതി</td><td>തുക</td><td rowspan="6">1140150</td></tr>
<tr><td>16.09.2020</td><td>119599</td></tr>
<tr><td>തനത്ഫണ്ട്</td><td>1821213</td><td>15.10.2020</td><td>119600</td></tr>
<tr><td></td><td></td><td>08.07.2021</td><td>88206</td></tr>
<tr><td></td><td></td><td>16.07.2021</td><td>353658</td></tr>
<tr><td>ആകെ</td><td>1947293</td><td>ആകെ</td><td>681063</td></tr>
</table>

### കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മഡോണ ഇന്റർനാഷണൽ സ്കൂളിൽ 50 ബെഡുകളുള്ള സി.എഫ്.എൽ.റ്റി.സി. സജ്ജമാക്കിയിരുന്നു. സി.എഫ്.എൽ.റ്റി.സി. പ്രവർത്തനസജ്ജമാക്കുന്നതിന് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും 2ലക്ഷം രൂപ മുൻകൂറായി ലഭിച്ചിരുന്നു. തനത് ഫണ്ടിൽ നിന്നും 203857 രൂപയും വികസനഫണ്ടിൽ നിന്നും പ്രോജക്ട് നം. 324/21 പ്രകാരം 101592 രൂപയും സി.എഫ്.എൽ.റ്റി.സിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. സംഭാവനയിനത്തിൽ

5500 രൂപയും ലഭിച്ചു. സി.എഫ്.എൽ.റ്റി.സി. സജ്ജമാക്കിയെങ്കിലും അവിടെ രോഗികളെ പ്രവേശിപ്പിക്കേണ്ട സാഹചര്യമുണ്ടായില്ല.

ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| വികസനഫണ്ട് | 101592 |
| തനത്ഫണ്ട് | 203857 |
| ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും മുൻകൂർ ലഭിച്ചത് | 200000 |
| ഡോണേഷൻ | 5500 |
| ആകെ | 510949 |

സി.എഫ്.എൽ.റ്റി.സി. പിന്നീട് ഡൊമിസിലിയറി കെയർ സെന്ററായി പ്രവർത്തിപ്പിച്ചിരുന്നു. സ്കൂളുകളിൽ അദ്ധ്യയനം ആരംഭിക്കുന്നതിന്റെ ഭാഗമായി കോവിഡ് കെയർ സെന്ററുകളായി പ്രവർത്തിക്കുന്ന സ്കൂളുകൾ വിട്ടു നൽകണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 29.12.2020-ൽ ഡി.സി.സി.യുടെ പ്രവർത്തനം അവസാനിപ്പിക്കുകയും ബെഡുകളും മറ്റ് സാധനങ്ങളും പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വാഴമുട്ടത്ത് നിർമ്മിച്ചിട്ടുള്ള പ്രളയപുനരധിവാസ കേന്ദ്രത്തിലേക്ക് മാറ്റുകയും ചെയ്തു. റഫ്രിജറേറ്റർ ഉൾപ്പെടെയുള്ള, പി.എച്ച്.സി.യുടെ ഉപയോഗത്തിന് ഉതകുന്ന സാധനങ്ങൾ സാധനങ്ങൾ അവിടേക്കും മാറ്റിയിട്ടുണ്ട്.

## 1-28 ജലജീവൻ മിഷൻ പദ്ധതിയിലൂടെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണം

ജലജീവൻ മിഷൻ പദ്ധതിയിലൂടെ 2020-21 വർഷം 83 കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ അനുവദിച്ചിട്ടുണ്ട്. ഇതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ട് ആവിഷ്കരിച്ച് 217020 രൂപ വാട്ടർ അതോറിറ്റിയ്ക്ക് വൽകി.

കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുവാനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ജലജീവൻ മിഷൻ(2020-21) പദ്ധതിയുടെ ഭാഗമാകാൻ 17.07.2020-ലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയിരുന്നു. 09/09/20-ലെ 2(2) നമ്പർ തീരുമാന പ്രകാരം ഗുണഭോക്താക്കളെ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ജി.ഒ(ആർ.റ്റി)541/2020/WRDതീ.21/08/2020 പ്രകാരം ഭരണാനുമതിയും ലഭിച്ചു. പ്രോജക്ടിന്റെ 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. ബാക്കി തുക കേന്ദ്ര സംസ്ഥാന വിഹിതമാണ്. ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റി മുഖേനയാണ് പ്രോജക്ട് നിർവ്വഹണം നടത്തുന്നത്.

വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിനായി തയ്യാറാക്കിയ Detailed Engineering Report അനുസരിച്ച് ആകെയുള്ള 5236 കുടുംബങ്ങളിൽ 2125 ഹൗസ് കണക്ഷനുകളാണ് നിലവിലുള്ളത്. ഡി.ഇ.ആർ പ്രകാരം 2020-21 വർഷം 80 FHTC(Functional House Tap Connection) അനുവദിക്കുന്നതിന് 1446799 രൂപ വകയിരുത്തിയിരുന്നു. ആയതിന്റെ 15% ആയ 217020 രൂപ എക്സിക്യൂട്ടീവ് എൻജിനീയറുടെ 05/10/2020-ലെ കത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ 2020-21 വർഷം ഒടുക്കിയിട്ടുണ്ട്. 10% ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വരൂപിച്ച് കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. 2020-21 വർഷം 42 ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതമായി 76020 രൂപയും(ഒരാൾക്ക് 1810 രൂപ നിരക്കിൽ) 2020-21 വർഷം 4 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതമായി 7240 രപയും വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ബാക്കിയുള്ള ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം ഒടുക്കിയിട്ടില്ല 83കുടുംബങ്ങൾക്ക് ഹൗസ് കണക്ഷൻ ലഭിച്ചതായി വാട്ടർ അതോറിറ്റി ലഭ്യമാക്കിയ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു.

വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തിലെ 42 ശതമാനം കുടുംബങ്ങൾക്കും നിലവിൽ കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുണ്ട്. ജലജീവൻ പദ്ധതിയിൽ പുതിയ കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുകയോ നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുകയോ ചെയ്താൽ എല്ലാ കുടുംബങ്ങൾക്കും ഹൗസ് കണക്ഷൻ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിക്കും. അങ്ങനെ സ്ട്രീറ്റ് ടാപ്പുകൾ ഒഴിവാക്കാനും കുടിവെള്ള ചാർജ് ഇനത്തിലുള്ള അധിക ബാധ്യത ഒഴിവാക്കാനുമാകും. ഗ്രാമപഞ്ചായത്ത് വിഹിതം/ഗുണഭോക്തൃ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോളനികളിലേതുൾപ്പടെ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-29 കുടിവെള്ള പദ്ധതി- പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. 2021-22

വർഷം സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തുക ചെലവഴിച്ചിട്ടില്ല. പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക |
|---|---|
| മല്ലപ്പള്ളിക്കോട്ട കുടിവെള്ള പദ്ധതിയ്ക്ക് കറന്റ് കണക്ഷൻ എടുക്കൽ, 342/21 | 29084 |
| മല്ലപ്പള്ളിക്കോട്ട കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കൽ, 305/21 | 69000 |
| പള്ളം കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കൽ, 331/21 | 160000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ഈ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയിട്ടുള്ളതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഫീസിബിലിറ്റി ലഭിക്കുന്നതിനും വെറ്റിംഗ് നടപടികൾ പൂർത്തിയാക്കുന്നതിനും കാലതാമസം നേരിട്ടതിനാലാണ് നടപ്പാക്കാൻ കഴിയാതിരുന്നത് എന്നും ഗുണഭോക്തൃസമിതി മുഖേന കേടായ മോട്ടോർ ശരിയാക്കിയിട്ടുണ്ടെന്നും പദ്ധതി പ്രവർത്തിക്കുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രത്യേക ഉദ്ദേശ്യ ധനകാര്യകമ്മീഷൻ ഗ്രാന്റ് ആണ് പ്രോജക്ടിന് വകയിരുത്തിയിരുന്നത്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം 4പൊതുടാപ്പുകൾ മാത്രമാണ് മല്ലപ്പള്ളിക്കോട്ട കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ളത്. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിലാണ് കുടിവെള്ള പദ്ധതികൾ ആരംഭിച്ചിരിക്കുന്നത്. ഉയർന്ന ഹോഴ്സ് പവറുള്ള മോട്ടോർ സ്ഥാപിച്ച് പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത് എങ്കിലും സമയബന്ധിതമായി നിർവ്വഹണം പൂർത്തീകരിക്കാത്തതിനാൽ പ്രോജക്ട് ലക്ഷ്യം കണ്ടില്ല. ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 കുടിവെള്ള വിതരണത്തിന് പ്രത്യേക ഉദ്ദേശ ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വേനൽക്കാല കുടിവെള്ള വിതരണം എന്ന പ്രോജക്ടിന് ധനകാര്യ കമ്മീഷൻ (Tied) ഗ്രാന്റിൽ നിന്നും 450000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും 178182 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്നത് അടിസ്ഥാന വിഹിതം, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) എന്നിങ്ങനെ രണ്ട് ശീർഷകങ്ങളിലാണ്. അടിസ്ഥാന വിഹിതത്തിന് മേഖലാതല നിബന്ധനകൾ ബാധകമല്ല. എന്നാൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 50 ശതമാനം തുക ശുചിത്വം, ഖര-ദ്രവ മാലിന്യം സംസ്കരണം, വെളിയിട വിസർജന വിമുക്ത സ്ഥിതി (ODF Status) നിലനിർത്തുന്നതിനും, ODF+ പദവി കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കും ബാക്കി 50 ശതമാനം തുക കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ളക്കൊയ്ത്ത്, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പരിപോഷണവും, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും, പുന:ചംക്രമണവും (Reuse/recycling Of Water) എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് മാത്രമേ വിനിയോഗിക്കാൻ പാടുള്ളുവെന്ന് സ.ഉ(കൈ)നം.103/2020/ത.സ്വ.ഭ.വ തീ.30/06/2020 നമ്പർ മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. പൊതു കുടിവെള്ള പദ്ധതികൾ ഉൾപ്പടെ മേൽ സൂചിപ്പിച്ച തരത്തിലുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് ആ മേഖലയിൽ നിർണ്ണായക അടിസ്ഥാന സേവനങ്ങളിൽ സമ്പൂർണ്ണ ലക്ഷ്യം കൈവരിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിരിക്കുന്നത് എന്നതിനാൽ കുടിവെള്ള വിതരണം പോലുള്ള ആവർത്തന ചെലവുകൾക്ക് ഈ ഫണ്ട് വിനിയോഗിക്കുവാൻ കഴിയില്ല. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 27-02-2020 ലെ സ.ഉ(സാധാ) നം-494/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ള വിതരണത്തിന് വികസന ഫണ്ടോ തനത് ഫണ്ടോ ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും ചെയ്തിരുന്നു. ഈ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 പ്രളയ ഫണ്ട്(എസ്.സി.പി)- 11.4 ലക്ഷം രൂപ പാഴാക്കി

2018-ലെ മഹാപ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ 12/12/2019-ലെ സ.ഉ(സാധാ.)9823/2019/ധന ഉത്തരവ് അനുസരിച്ച് 1141000 രൂപ പട്ടികജാതി ഉപപദ്ധതി വിഹിതമായി അനുവദിച്ചിരുന്നു. ഈ തുക വകയിരുത്തി വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം പ്രോജക്ട് ആവിഷ്കരിച്ചിരുന്നുവെങ്കിലും നടപ്പിലായില്ല. 2020-21 വർഷം ഈ തുക വീണ്ടും അനുവദിച്ചുവെങ്കിലും സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കാത്തതിനാൽ ഫണ്ട് നഷ്ടപ്പെട്ടു. വ്യാപക പ്രചാരം നൽകി പ്രോജക്ടിനായി ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതിനാലാണ് നടപ്പിലാക്കുവാൻ കഴിയാതെ പോയത്. പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | വകയിരുത്തിയ തുക | ചെലവ് |
|---|---|---|
| സ്വയം തൊഴിൽ (വ്യക്തിഗതം), 264/21 | 591000 | 0 |
| സ്വയം തൊഴിൽ (ഗ്രൂപ്പ് സംരംഭം), 265/21 | 250000 | 0 |
| സ്വയം തൊഴിൽ (ഗ്രൂപ്പ് സംരംഭം, വനിത), 266/21 | 300000 | 0 |
| ആകെ | 1140000 | 0 |

പ്രളയ ഫണ്ട് 2021-22 വർഷം വീണ്ടും അനുവദിച്ചിട്ടുമില്ല. 2021-22 വാർഷിക പദ്ധതിയിൽ ഈ പ്രോജക്ടുകൾക്കായി തുക വകയിരുത്തിയിട്ടുമില്ല. എസ്.സി.പി. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ജീവനോപാധിയ്ക്കായി അനുവദിച്ച വിഹിതം പ്രയോജനപ്പെടുത്താതെ നഷ്ടപ്പെട്ടത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-32 അശാസ്ത്രീയമായ നിർമ്മാണം- ഇടനാട്ടുപടി ഭാഗത്തെ ഓട വെള്ളക്കെട്ടിന് കാരണമാകുന്നു

ഗ്രാമപഞ്ചായത്തിലെ 7ാം വാർഡിലെ ഇടനാട്ടുപടി ഭാഗത്ത് ഓട നിർമ്മിക്കുന്നതിനായി 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് ആവിഷ്കരിച്ചിരുന്നു(139/20, 227/21). 06/03/2020-ൽ പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും 2020-21 വർഷം സ്പിൽ ഓവർ പ്രോജക്ടായി അംഗീകാരം വാങ്ങിയാണ് പേയ്മെന്റ് നൽകിയിരിക്കുന്നത്. 70.7 മീറ്റർ നീളത്തിൽ ഓട നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നത് എങ്കിലും 67.3 മീറ്റർ നീളത്തിലാണ് നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. എം.ബുക്ക് പ്രകാരമുള്ള അളവുകൾ 30/03/2020-ന് ചെക്ക് മെഷർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 279467 രൂപ 11/04/20-ലും 19975 രൂപ 16/03/21-ലും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് കരാറുകാരനായ ബിജു ഡാനിയലിന് നൽകുന്നതിനും മറ്റ് നികുതി ബാധ്യതകൾ ഒടുക്കുന്നതിനുമായി ചെലവഴിച്ചിട്ടുണ്ട്.

ഇടനാട്ടുപടി ഭാഗത്തെ ഓട നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് പരാതി നൽകിയത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും വിശദീകരണം തേടിയിരുന്നു. അസിസ്റ്റന്റ് എൻജിനീയർ സമർപ്പിച്ച മറുപടിയിൽ ഓട പണിയേണ്ട ഭാഗത്തുള്ള ഒരു വീട്ടുകാർ അവരുടെ വീട്ടിലേയ്ക്ക് വണ്ടി കയറുന്നതിനായി 1.4 മീറ്റർ വീതിയിൽ സ്ലാബിട്ട് കോൺക്രീറ്റ് ചെയ്തിരിക്കുകയാണെന്നും സ്ലാബ് മാറ്റാൻ ആവശ്യപ്പെട്ടിട്ടും അതിന് തയ്യാറാകാത്തതിനാൽ ആ ഭാഗം ഒഴിവാക്കിയാണ് ഓട പണിതത് എന്നും സ്വകാര്യ വ്യക്തി പണിത സ്ലാബിന്റെ അടിയിൽ താഴ്ച കുറവായതിനാൽ മണ്ണ് അടിഞ്ഞ് ഓടയിലെ വെള്ളമൊഴുക്ക് തടയുന്നതിന് സാധ്യതയുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. മഴക്കാലത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി നിർമ്മിച്ച ഓട തന്നെ വെള്ളക്കെട്ടിന് കാരണമാകുന്ന രീതിയിലാണ് നിർമ്മിച്ചതെന്ന് അസിസ്റ്റന്റ് എൻജിനീയറുടെ മറുപടിയിൽ നിന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട റോഡിൽ ഓട നിർമ്മിക്കുന്നതിലുണ്ടായ തടസ്സം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിന് ശ്രമിക്കാതെ നിർദ്ദിഷ്ട ഭാഗം ഒഴിവാക്കി ഓട പണിയുകയാണ് ചെയ്തത്. നിർമ്മാണത്തിലെ അപാകതമൂലം 299442 രൂപ ചെലവഴിച്ചിട്ടും പ്രോജക്ട് ലക്ഷ്യം കണ്ടില്ല. പ്രോജക്ടിനായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണതല നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. -24/24.05.22)

## 1-33 റോഡ് ടാറിംഗ് പ്രവൃത്തികൾ- ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകളില്ല

റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാർ നേരിട്ട് ബിറ്റുമിൻ വാങ്ങി ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ ഒറിജിനൽ ബിൽ കർശനമായും ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2016- ലെ ജി.ഒ.(ആർ.ടി) 3049/2016 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകൾ ഹാജരാക്കിയാൽ മാത്രമെ ടാറിംഗ്/റീടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നൽകാവൂ എന്ന് ജി.ഒ(പി) നം.96/2016/ധന. തീ.15.07.2016 നമ്പർ ഉത്തരവിലും നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന റീടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകൾ ഫയലുകളോടൊപ്പം ഹാജരാക്കിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/പേര് | കരാറുകാരന്റെ പേര്, എം ബുക്ക് നമ്പർ | ബിൽ തുക , ബിൽ നമ്പർ/തീയതി | ബിറ്റുമിൻ/ അളവ് (Kg) |
|---|---|---|---|---|
| 1 | പുത്തൻ പീടിക പള്ളം മുട്ടുകുട്ടുക്ക റോഡ്, 211/21 | പ്രസന്നകുമാരൻ നായർ 34/19-20 | 137681/ 28/11.04.20 | ബിറ്റുമിൻ- 1087.735 |
| | | | | ബിറ്റുമിൻ എമൾഷൻ- |

| | | | | |
|---|---|---|---|---|
| | | | | 137.775 |
| 2 | അനുപമ ജംഗ്ഷൻ, വിളക്കുംവേലിൽപ്പടി റോഡ്, റീടാറിംഗ്, 210/21 | പ്രസന്നകുമാരൻ നായർ 33/19-20 | 331895 | ബിറ്റുമിൻ- 2586.866 |
| | | | | ബിറ്റുമിൻ എമൾഷൻ- 248.40 |
| 3 | അജന്തപ്പടി പൈവള്ളിമേലേതിൽ മാളിയേക്കൽപ്പടി റോഡ് റീടാറിംഗ്, 212/21 | പ്രസന്നകുമാരൻ നായർ 35/19-20 | 240716/ | ബിറ്റുമിൻ- 1897.301 |
| | | | | ബിറ്റുമിൻ എമൾഷൻ- 239.25 |

സിഡ്കോയിൽ നിന്നും ബിറ്റുമിൻ വാങ്ങിയ ബില്ലിന്റെ പകർപ്പാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ബില്ലിൽ റഫറൻസായി അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ നിന്നുള്ള ഇൻഡന്റ് ചേർത്തിട്ടുമില്ല. അപാകതകൾക്ക് അടിയന്തിര വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/20.05.22) ലഭ്യമാക്കിയ മറുപടിയിൽ വിവിധ പ്രവൃത്തികൾക്കായി വാങ്ങിയ ടാറിന്റെ ഒറിജിനൽ ബിൽ ഒരു ഫയലിൽ സൂക്ഷിക്കുകയും ബാക്കിയുള്ളവയിൽ പകർപ്പുകളാണ് സൂക്ഷിക്കുന്നത് എന്ന് മറുപടി നൽകി. എന്നാൽ ഒറിജിനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഒറിജിനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-34 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല

തൻവർഷം ടെണ്ടർ ചെയ്ത 5 ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള 91 പ്രവൃത്തികളിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി, ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വോട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. തൻ വർഷം അഞ്ചുലക്ഷത്തിന് മേൽ അടങ്കലുള്ള ഒരു മരാമത്ത് പ്രവൃത്തി ഇ-ടെണ്ടർ ചെയ്തപ്പോൾ മൂന്ന് കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളത് ഇവിടെ പ്രസക്തമാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയിൽ നിന്നും 15.5% വരെ കുറവുള്ള ടെണ്ടർ ലഭിക്കുകയും ചെയ്തു. കരാറുകാർ ധാരണയിലെത്തുന്ന കാര്യം വ്യക്തമായിട്ടും ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കാത്ത സാഹചര്യം വിശദീകരിക്കേണ്ടതാണ്. കൂടാതെ ടെണ്ടർ ഫോറത്തിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ടെണ്ടർ ഫോറം വിതരണത്തിൽ സുതാര്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല.
ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സമയോചിത ഇടപെടൽ നടത്തുന്നില്ല എന്ന് വ്യക്തമാണ്. ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യാർത്ഥം തുടർ വർഷങ്ങളിൽ ഭരണതലത്തിൽ സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം അറിയിക്കേണ്ടതുമാണ്.

## 1-35 മരാമത്ത് പ്രവൃത്തികൾ-എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രൊജക്ടുകളുടെ പരിശോധനയിൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റിന്റെ അവിഭാജ്യ ഘടകമായ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയിരിക്കുന്നത് അപൂർണ്ണമായാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ പി.ഡബ്ല്യു.ഡി. മാനുവലിൽ വിശദമാക്കിയിട്ടുണ്ട്. പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 1601.1.2(ii) ലും മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 2601 മുതലുള്ള ഭാഗത്തും ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്നു. എന്നാൽ പ്രധാനമായും റോഡുകളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച വ്യക്തത ഈ റിപ്പോർട്ടുകൾ നല്കുന്നില്ല.

1) റോഡുകളുടെ ആകെ നീളവും എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ. ആസ്തി നമ്പർ

2) അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ.

3) പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും.

4) പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ

5) പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ.

6) പ്രവൃത്തി പൂർത്തീകരിക്കാനുദ്ദേശിക്കുന്ന കാലയളവ്.

7) മറ്റ് പ്രസക്തമായ കാര്യങ്ങൾ.

കെട്ടിടങ്ങളുടെ നിർമ്മിതിയുടേയും, അറ്റകുറ്റപ്പണികളുടേയും കാര്യത്തിലും ഇത്തരം പോരായ്മകൾ എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ കാണുന്നുണ്ട്. കൂടാതെ നിർമ്മാണം നടക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട സ്ഥലത്താണോ എന്നതും ഉറപ്പാക്കുന്നില്ല(പ്രകൃതിക്ഷോഭ പുനരധിവാസ ഷെൽട്ടറിനായി കെട്ടിടം നിർമ്മിച്ച സ്ഥലം ഗ്രാമപഞ്ചായത്തിന് നൽകുന്നതായ സമ്മതപത്രം മാത്രമാണുള്ളത്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി പേരിൽക്കൂട്ടുകയോ ആസ്തിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല). സൈറ്റ് പ്ളാൻ ഉൾപ്പെടുത്താത്ത എസ്റ്റിമേറ്റ് റിപ്പോർട്ടുകളുമുണ്ട്.

ഇപ്രകാരം പോരായ്മകൾ ഉള്ള എസ്റ്റിമേറ്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദാംശങ്ങൾ ആവശ്യപ്പെട്ട് മടക്കുന്നതായും കാണുന്നില്ല. അപൂർണ്ണമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കിവരുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. പ്രൊജക്ടുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമാക്കുക, പ്രൊജക്ട് പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇത് മൂലം കഴിയുന്നില്ല. ആധുനിക അറവുശാല നിർമ്മാണം ഇതിന് ഉദാഹരണമാണ്. 2011-12 വർഷം ആവിഷ്കരിച്ച പ്രോജക്ട് നാളിതുവരെ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. ഭാഗിക നിർമ്മിതി മൂലം പ്രൊജക്ട് ലക്ഷ്യം കൈവരിക്കാനാവാതെ ധനനഷ്ടത്തിന് ഇടയാകുന്നുവെന്ന ഗുരുതര വീഴ്ച ഇതുമൂലം ഉണ്ടാകുന്നു. സാങ്കേതികാനുമതി നല്കുമ്പോൾ തന്നെ എസ്റ്റിമേറ്റുകളുടെ സമഗ്രത ഉറപ്പുവരുത്തിയിരുന്നെങ്കിൽ മേൽ സാഹചര്യം ഒഴിവാക്കാമായിരുന്നു. എസ്റ്റിമേറ്റുകളുടെ സമഗ്രത സംബന്ധിച്ച സാങ്കേതികാനുമതി നല്കുന്ന ഉദ്യോഗസ്ഥന്റെ അജ്ഞതയ്ക്കുള്ള ഒരു കാരണം അപൂർണ്ണമായ എസ്റ്റിമേറ്റ് റിപ്പോർട്ടാണെന്നു കാണാം. കൂടാതെ, വരും വർഷങ്ങളിൽ മേൽ ആസ്തികളുടെ കാര്യത്തിൽ നടത്തേണ്ട ഇടപെടലുകളെ കുറിച്ച് അജ്ഞതയുണ്ടാകാനും അപൂർണ്ണമായ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇടയാക്കുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം അറിയിക്കേണ്ടതാണ്.

## 1-36 കാലഹരണപ്പെട്ട നിബന്ധനകൾ ഉൾപ്പെടുത്തി മരാമത്ത് പ്രവൃത്തികളുടെ കരാറിൽ ഏർപ്പെടുന്നു

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ലെന്നും വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും വ്യക്തമായി. പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയിലാണ് പ്രധാനമായും അപാകത കാണുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

### സ്പെസിഫിക്കേഷൻ

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കിവരുന്നത്. എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR) ബാധകമാക്കിയിട്ടുണ്ട്. ഇതിന്റെ ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് സെൻട്രൽ പി.ഡബ്ല്യൂ.ഡി.സ്പെസിഫിക്കേഷനെയാണെന്ന് കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ് സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്.

### പിഴ സംബന്ധിച്ച വ്യവസ്ഥയിലെ അപാകത

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥ പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ചുള്ളതാണ്. 2012 ൽ പുതുക്കിയ പി.ഡബ്ല്യൂ.ഡി. മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിനുമുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ്

ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അതായത് പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PACയുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2% പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% ഗ്രേസ് പീരീയിഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്നുമാസത്തേക്ക് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന ഓരോ മൂന്ന് മാസത്തേക്കും 2% വും നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നുമാണ് കരാറിൽ വ്യവസ്ഥചെയ്തിരിക്കുന്നത്.

മരാമത്ത് പ്രവൃത്തി പൂർത്തീകരണ സമയക്രമം

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നത് ഏറ്റവും ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തിവിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രോജക്റ്റിൽ ഏകവർഷ പ്രൊജക്റ്റെന്ന് രേഖപ്പെടുത്തുകയും കരാർ സാമ്പത്തിക വർഷാവസാനം വയ്ക്കുകയും ചെയ്യുന്ന സാഹചര്യവുമുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാനം എഗ്രിമെന്റിൽ ഏർപ്പെടുന്ന മിക്ക പ്രവൃത്തികളും സ്പിൽ ഓവറാകുന്ന സാഹചര്യമാണുള്ളത്. ഏകവർഷ പ്രൊജക്ടുകൾ മാർച്ച് 31 നകം പൂർത്തീകരിക്കപ്പെടേണ്ടതുണ്ടെന്ന വസ്തുത പരിശോധിക്കുന്നില്ല.

പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി മുന്നാകെ എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം തയ്യാറാക്കിയതിന് വിശദീകരണം നൽകേണ്ടതും അപാകത പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കേണ്ടതുമാണ്.

## 1-37 ജി.എസ്.റ്റി.കോമ്പൻസേഷൻ അനുവദിച്ച കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി സൂക്ഷിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് 01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. 01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017 /തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെടുവിച്ച ജി.ഒ. (ആർ.ടി)നം. 2532/2018/ത.സ്വ.ഭ.വ. ഉത്തരവിൽ ജി.എസ്.ടി. കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. 2020-21 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-38 ഹരിതകർമ്മസേനയുടെ പ്രവർത്തനം- അവലോകനം

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി: 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ താഴെ പറയുന്നു

1) ഹരിതകർമ്മസേനയുടെ രൂപീകരണം

ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യമുക്തമാക്കുന്നതിനായി ഹരിതകർമ്മസേനയുടെ നേതൃത്വത്തിലുള്ള ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 2019-20 സാമ്പത്തിക വർഷം ആരംഭിച്ചു. 27 ഹരിതകർമ്മസേനാംഗങ്ങളാണ് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത്. 14 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

2) യൂസർഫീ ഈടാക്കൽ

ഗ്രാമപഞ്ചായത്തിൽ ആകെ 14 വാർഡുകളിലായി 6900വീടുകളും 350കടമുറികളുമുണ്ട്. നിലവിൽ യൂസർഫീയായി വീടുകളിൽനിന്ന് 50/- രൂപയും കടമുറികളിൽനിന്ന് 100 രൂപയുമാണ് ഈടാക്കുന്നത്. വേതനം, ഹരിതകർമ്മസേനയുടെ മറ്റുചെലവുകൾ എന്നിവക്കായി ഇത് ഉപയോഗിക്കുന്നു. എന്നാൽ മിനിമം വേതനം ഉറപ്പാക്കുന്നില്ല. യൂസർ ഫീ ഇനത്തിലെ 2020-21 വർഷത്തെ വരവ് 17200 രൂപയും 2021-22 വർഷത്തെ വരവ് 58200 രൂപയും മാത്രമാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ പിരിച്ചെടുക്കുന്ന യൂസർഫീസ് അപര്യാപ്തമാണ്. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് വ്യക്തമാണ്. മൂന്ന തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3) വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

സ.ഉ(സാധാ)നം.62/2020/തസ്വഭവ തിയതി 11-4-2020 പ്രകാരം 2020-21 വർഷത്തിൽ ഹരിതകർമ്മസേനകൾക്ക് ആറു മാസത്തേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും തുക നൽകിയിട്ടില്ല.

4) മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി

വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവമാലിന്യങ്ങൾ പഞ്ചായത്ത് മാർക്കറ്റിൽ സ്ഥിതിചെയ്യുന്ന ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിൽ (MCF) എത്തിച്ച് സൂക്ഷിക്കുകയാണ് ചെയ്യുന്നത്. നിലവിൽ MCF ൽ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ജലലഭ്യത, വൈദ്യുതീകരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ MCF ൽ സജ്ജമാക്കിയിട്ടില്ല. പ്ലാസ്റ്റിക്ക് മാലിന്യസംസ്കരണത്തിനായി ഷ്രെഡ്ഡിംഗ് ആന്റ് ബൈലിംഗ് യൂണിറ്റുകൾ MCF ൽ സ്ഥാപിച്ചിട്ടില്ല. എം.സി.എഫ് കെട്ടിടത്തിലും പുറത്തും ചാക്കുകൾക്കുള്ളിൽ പ്ലാസ്റ്റിക് മാലിന്യം കുമിഞ്ഞു കൂടിയ നിലയിലാണ്. മിനി എം.സി.എഫുകൾ ആറു വാർഡുകളിൽ മാത്രമാണുള്ളത്.

5) ജൈവമാലിന്യ സംസ്കരണം

മാർക്കറ്റിൽ തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ പരിപാലനത്തിനായി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. എന്നാൽ ഉത്പാദിപ്പിക്കുന്ന വളം സംസ്കരണയൂണിറ്റിൽ നിന്നും മാറ്റിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന ജൈവ കമ്പോസ്റ്റ് വളങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നും കൃഷി ഓഫീസർ കൺവീനറായ പർച്ചേസിംഗ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യേണ്ടതാണ്.

6) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ് സ്ഥാപിച്ചിട്ടില്ല എം.സി.എഫ്-ൽ തരംതിരിച്ച മാലിന്യങ്ങൾ ക്ലീൻ കേരള കമ്പിനിയ്ക്ക് നൽകുകയാണ്. എന്നാൽ ഈ പ്രവർത്തനം സമയബന്ധിതമായി നടക്കുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കാനും കാര്യക്ഷമമാക്കാനും നടപടികൾ ഉണ്ടാവേണ്ടതുണ്ട്.

. ഹരിത കർമ്മസേനയ്ക്ക് അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നൽകേണ്ടതാണ്.

. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്ന തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

. മാലിന്യ സംസ്കരണ മേഖലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 ആസ്തി സംരക്ഷണത്തിൽ വീഴ്ച; ലഭിച്ച ഭൂമി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്നതിന് രേഖകളില്ല

വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തതായോ പേരിൽക്കൂട്ടി കരം ഒടുക്കിയതായോ കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രകൃതി ക്ഷോഭ പുനരധിവാസ ഷെൽട്ടർ നിർമ്മിക്കുന്നതിനായി പ്രളയ ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ കെട്ടിടം നിൽക്കുന്ന വാഴമുട്ടം എന്ന പ്രദേശത്തുള്ള സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നില്ല. രേഖകൾ പരിശോധിച്ചതിൽ വാഴമുട്ടം ഗ്രർഖണ്ഡസാരി ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റിയുടെ 21/09/2011-ലെ മിനിട്ട്സ് പ്രകാരം സൊസൈറ്റി വക 20 സെന്റ് സ്ഥലം(റീസർവ്വേ നം-321/15) അന്യാധീനപ്പെട്ടുപോകാതിരിക്കുവാനായി ഗ്രാമപഞ്ചായത്തിന്റെ പേരിൽ വിട്ടുകൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മിനിട്ട്സിന്റെ പകർപ്പ്, സൊസൈറ്റി പ്രസിന്റിന്റെ പേരിൽ 2010-11 വരെ ഭൂനികുതി ഒടുക്കിയതിന്റെ രേഖകൾ എന്നിവ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഈ വസ്തു ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെ ആധാരം ഉൾപ്പടെയുള്ള രേഖകൾ, പേരിൽക്കൂട്ടി കരം ഒടുക്കിയതിന്റെ രേഖകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ഈ സർവ്വേ നമ്പരിലുള്ള വസ്തു ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലും ഉൾപ്പെട്ടിട്ടില്ല.

2. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആധാരത്തിൽ 53ാം നമ്പർ അങ്കണവാടി സ്ഥിതി ചെയ്യുന്ന 1.62ആർ സ്ഥലം(റീസർവ്വേ നം.38/12-3-1) അങ്കണവാടി നിർമ്മാണ കമ്മിറ്റി ചെയർമാനും അന്നത്തെ വാർഡ് മെമ്പറുമായിരുന്ന പത്മാവതിയമ്മയുടേയും കമ്മിറ്റി കൺവീനറായ മാധവൻനായരുടേയും പേരിലാണ്. ഈ സ്ഥലം നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യുവാനോ പേരിൽക്കൂട്ടി കരം ഒടുക്കുവാനോ നടപടികൾ സ്വീകരിച്ചിട്ടില്ല.

3. മുള്ളനിക്കാട് അങ്കണവാടി സ്ഥിതി ചെയ്യുന്ന 1.21 ആർസ്ഥലം(റീസർവ്വേ നം-80/16) അഖില കേരള പാണർ സമാജത്തിൽ നിന്നും 20000 രൂപയ്ക്ക് വിലയാധാരം വാങ്ങിയതാണ്. ഈ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിൽക്കൂട്ടി കരം ഒടുക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്ന ഭൂമിയുടെ അളവ്, റീസർവ്വേ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഒന്നും ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കൃത്യമായി അപ്ഡേറ്റ് ചെയ്യുവാനും മേൽ സൂചിപ്പിച്ച ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യുവാനും പേരിൽക്കൂട്ടി കരം ഒടുക്കുവാനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 77285 | അനുപൂരക പോഷകാഹാര പദ്ധതി | 77285 | 0 |
| | | 192400 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 192400 | 0 |
| | | 200000 | അഗതിരഹിത കേരളം പദ്ധതി | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 1160000 | ലൈഫ് ഭവന പദ്ധതി (46/21, 36/21) | 1160000 | 0 |
| | | 154999 | പാലിയേറ്റീവ് കെയർ-സ്പിൽ ഓവർ | 154999 | 0 |
| | | 68000 | തരിശ് നില വാഴകൃഷി | 68000 | 0 |
| | | 41238 | ടേക്ക് എ ബ്രേക്ക് പദ്ധതി | 41238 | 0 |
| | 2019-20 | 689136 | ലൈഫ് പദ്ധതി- ജനറൽ(സ്പിൽ ഓവർ) | 689136 | 0 |
| | | 135106 | ലൈഫ് പദ്ധതി- എസ്.സി.പി.(സ്പിൽ ഓവർ) | 135106 | 0 |
| ആകെ | | | | 2918164 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 89250 | നെൽകൃഷി വികസനം | 89250 | 0 |
| | 2020-21 | 400000 | ലൈഫ് ഭവനപദ്ധതി | 400000 | 0 |
| | 2020-21 | 199345 | പാലിയേറ്റീവ് കെയർ (35/21, 198/21) | 199345 | 0 |
| | | 98567 | അനുപൂരക പോഷകാഹാര പദ്ധതി | 98567 | 0 |
| | | 147200 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 147200 | 0 |
| | | 100000 | അഗതിരഹിത കേരളം പദ്ധതി | 100000 | 0 |
| | | 300000 | പാലിന് സബ്സിഡി | 300000 | 0 |
| | | 300000 | കാലിത്തീറ്റ സബ്സിഡി | 300000 | 0 |
| | | 45868 | തരിശ്നില നെൽകൃഷി | 45868 | |
| | | 68416 | തരിശ്നില വാഴക്കൃഷി | 68416 | 0 |
| | | 30000 | തരിശ്നില പച്ചക്കറികൃഷി | 30000 | 0 |
| | | 40000 | തരിശ്നില കിഴങ്ങ്കൃഷി | 40000 | 0 |
| | | 100000 | ടേക്ക് എ ബ്രേക്ക് | 100000 | 0 |
| | 2019-20 | 500000 | ലൈഫ് പദ്ധതി-സ്പിൽ ഓവർ | 500000 | 0 |
| ആകെ | | | | 2418646 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | വല്യവീട്ടിൽ മണ്ണാറമല ഭാഗം പഴയ പൈപ്പ് ലൈൻ മാറ്റൽ (37/21) | 80000 | 0 | 80000 |
| KSEB | കലതിക്കാട് ഓലിയിൽപടി റോഡിൽ സ്ട്രീറ്റ്ലൈൻ വലിക്കൽ (40/21) | 29155 | 29155 | 0 |
| | സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ-വാർഡ് 10 (298/21) | 168641 | 168641 | 0 |

| | | | | |
|---|---|---|---|---|
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-വാർഡ് 1 (303/21) | 18686 | 18686 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ് - വായ്പ ഇനത്തിൽ തൻവർഷ വരവ് 50291

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | 1480110 | 424667 | -- | 1055443 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2017-18 | 3-25 | 11186 | പ്രസന്നകുമാരൻ നായർ. കരാറുകാരൻ | 120060102820/01.12.2020, 120060102819/01.12.2020 |
| | | 3094 | പ്രസാദ് കെ.വി., കരാറുകാരൻ | 120060102837/01.12.2020 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ട് | - | 2014-15 | 4.1 | വൃദ്ധസദനം പ്രവർത്തനക്ഷമമായില്ല | നിയമസഭ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-1 | 2016-17 | - | വസ്തുനികുതി അപാകതകൾ | |
| 2015-16 | 2-8 | 2016-17 | - | തൊഴിൽ നികുതി അപാകതകൾ | |
| 2016-17 | 3-24 | 2017-18 | - | 22.51 ലക്ഷം ചെലവഴിച്ച അറവുശാല നിർമ്മാണം ആറ് വർഷംപിന്നിട്ടിട്ടും | |

| | | | | |
|---|---|---|---|---|
| | | | | പൂർത്തിയായില്ല. |
| | 3-25 | 2017-18 | - | ഓമല്ലൂർ മാർക്കറ്റിൽ മാലിന്യ പ്രശ്നം രൂക്ഷം-പ്ലാന്റ് നിർമ്മിക്കുന്നതിന് ആറ് വർഷം മുമ്പ് ആവിഷ്കരിച്ച പദ്ധതി നടപ്പിലാക്കിയില്ല. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ | : 117129517 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 112792253 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 553932 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 68820 | ശ്രീ.രാജേഷ്കുമാർ പി., സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് |
| | 130470 | ശ്രീ.രാജീവ് പി., സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-19 | 55200 | ശ്രീ.രാജേഷ്കുമാർ പി., സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-32 | 299442 | ഉഷ സി.കെ., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 553932 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജേഷ്കുമാർ പി., സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം | ചേനശ്ശേരിൽ, പീരുമേട്, ഇടുക്കി |
| ശ്രീ.രാജീവ് പി., സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | ചാന്ദ്നി, ആറ്റിങ്ങൽ, തിരുവനന്തപുരം |

| | | |
|---|---|---|
| ഉഷ സി.കെ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | മൈലമൂട്ടിൽ, ഇലവുംതിട്ട (പി.ഒ.), പത്തനംതിട്ട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി2/626/97/ തീയതി 14-01-98/10-02-98 | 2 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി2/790/2000/തീയതി 04-07-01 | 3 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി.2/790A /2000/തീയതി06-11-01 | 5 |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി2/607/01തീയതി 23-03-02/09-05-02 | 16 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി2/670/01 തീയതി 03.04-02 | - |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി3/829/01തീയതി 10-04-02/ 20-09-02 | - |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി3/452/04 തീയതി 18-04-07/ 07-02-05 | 3 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.2/536/05 തീയതി 02-11-05 /15-02-06 | 3 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.3/726/06 തീയതി 12-12-06 | 6 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.11/171/08 തീയതി 20-01-09 | 5 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.11/702/09 തീയതി 04-06-10 | 4 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.11/703/09 തീയതി 04-06-10 /29-10-11 | 7 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.6/36/11 തീയതി 03-11-11 / 03-08-12 | 3 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി.6/37/11 തീയതി 06-12-11 /04-08-12 | 6 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.6/877/11 തീയതി 03-10-11 /06-08-12 | 3 |
| 2009-10, 2010-11 | എൽ.എഫ്.പി.റ്റി.എ-പി.1/878/12 തീയതി 10-12-12/05-06-14 | 3 |
| 2011-12 ,2012-13 | നം.എൽ.എഫ്.പി.റ്റി.എ.പി5/777/14 തീയതി.29.11.14 | 10 |
| 2013-14 | നം.എൽ.എഫ്.പി.റ്റി.എ.പി 5/537/2015 തീയതി.6.07.15 | 7 |
| 2014-15 | നം. കെ.എസ്.എ.പി.റ്റി.എ.പി-5/ 748/16 തീയതി 16-07-2016 | 9 |
| 2015-16 | നം. കെ.എസ്.എ.പി.റ്റി.എ. പി5/45/17 | 17 |

| | | |
|---|---|---|
| | തീയതി 08.02.2017 | |
| 2016-17 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/759/17 തീയതി 18.07.17 | 19 |
| 2017-18 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/181/19 തീയതി 14.03.2019 | 13 |
| 2018-19 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/103/20 തീയതി 25.02.2020 | 17 |
| 2019-20 | നം. കെ.എസ്.എ.പി.റ്റി.എ.പി.5/304/22 തീയതി: 26.03.2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം , പത്തനംതിട്ട ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്